# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 4, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--376]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 2349 മുതൽ 2482 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2483 മുതൽ 2607 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2608 മുതൽ 2671 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 2672 മുതൽ 2724 വരെ |

**<u>വയനാട് ദുരന്ത പുനരധിവാസത്തിന് കാപെക്സ് വായ്പ</u>**

2349 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള തുക സംബന്ധിച്ച പോസ്റ്റ് ഡിസ്സാസ്റ്റർ നീഡ്സ് അസസ്സ്മെന്റ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കയച്ചത് എന്നാണ്; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാടെന്താണ്; വിശദമാക്കുമോ;

(ബി) കാപെക്സ് വായ്പയിനത്തിൽ ആവശ്യപ്പെട്ടിരുന്ന തുക കേന്ദ്ര സർക്കാർ സമയബന്ധിതമായി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ദുരന്ത നിവാരണത്തിന്റെ അടിയന്തര സ്വഭാവം കണക്കിലെടുക്കാതെ ഇപ്പോൾ അനുവദിച്ചിരിക്കുന്ന വായ്പ ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഈ കാലപരിധിക്കുള്ളിൽ തുക വിനിയോഗം സാധ്യമാണോ; വിശദമാക്കുമോ?

**<u>ശൂരനാട്-താമരക്കുളം റോഡ്</u>**

2350 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡായ ശൂരനാട്-താമരക്കുളം റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് Nomenclature change-ന് നൽകിയിരുന്നതിൽ ധനവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പണം ട്രഷറിയിലേക്ക് മാറ്റണമെന്ന നിർദ്ദേശം

2351 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന പണം ട്രഷറിയിലേക്ക് അടിയന്തരമായി മാറ്റണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഇപ്രകാരം തുക മാറ്റിയില്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം തടഞ്ഞുവെയ്ക്കുമെന്ന മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ട്രഷറിയിലേക്ക് മാറ്റുന്ന പണം ആവശ്യാനുസരണം പിൻവലിക്കുവാൻ പ്രസ്തുത സ്ഥാപനങ്ങളെ അനുവദിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ നിർദ്ദേശം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ദുരന്തനിവാരണത്തിലെ കേന്ദ്ര അവഗണന

2352 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ നടന്നിട്ടുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനുമായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ധനസഹായത്തിൽ സംസ്ഥാനത്തിനോട് വ്യത്യസ്തമായ സമീപനം വച്ചുപുലർത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തിന് അനുവദിച്ച തുകയെത്ര; വിശദീകരിക്കുമോ;

(ബി) ദുരന്തനിവാരണത്തിനും പുനരധിവാസത്തിനുമായി സംസ്ഥാനത്തിനും മറ്റു സംസ്ഥാനങ്ങൾക്കും ലഭ്യമായിട്ടുള്ള കേന്ദ്ര ധനസഹായം താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ദുരന്തത്തിൽപ്പോലും സംസ്ഥാനത്തെ അവഗണിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികപരമായ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി കാണുന്നുണ്ടോ; വിശദീകരിക്കുമോ?

## വടകര-വില്യാപ്പള്ളി-ചേലക്കാട് കിഫ്ബി റോഡ്

2353 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേനയുള്ള വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തിയുടെ ഡി.പി.ആറിന് അംഗീകാരം നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) പ്രവൃത്തി നടപ്പാക്കുന്നതിന്റെ ഭാഗമായി ആധുനിക നിർമ്മാണ രീതികൾ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ പദ്ധതി പുരോഗതി</u>

2354 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2355 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തത് മൂലം കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം എത്ര തുക നഷ്ടമായി; വിശദമാക്കാമോ;

(ബി) കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നഷ്ടപ്പെട്ട സാഹചര്യം ഈ കാലത്തുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) 2024-25 ൽ സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണ്; ഈയിനത്തിൽ 2025 ജനുവരി 31 വരെ എത്ര തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു; വ്യക്തമാക്കാമോ?

## <u>കുളിമാട് പാലത്തിന്റെ അപ്രോച്ച് റോഡ് നവീകരണം</u>

2356 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും പണം അനുവദിച്ച് പണിത കുളിമാട് പാലത്തിന് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്നും എത്ര രൂപയുടെ സാങ്കേതിക അനുമതിയാണ് നൽകിയതെന്നും പാലത്തിന്റെ പണി പൂർത്തീകരിക്കുവാൻ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ ഇരുഭാഗത്തും അപ്രോച്ച് റോഡ് നന്നാക്കുന്നതിനുള്ള പണം അനുവദിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പാലത്തിലേക്ക് മലപ്പുറം ജില്ലയിൽ നിന്നുള്ള അപ്രോച്ച് റോഡ് ആയ ഓട്ട്പാറ - കുളിമാട് റോഡ് മേൽ പ്രവൃത്തിയുടെ കൂടെ നവീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ റോഡ് നവീകരിക്കുന്നതിന് കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ച എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടികളുടെ വിശദാശംങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പാലം തുറന്നതോടെ അപ്രോച്ച് റോഡ് നന്നാക്കാത്തത് കാരണം അപകടങ്ങൾ വർദ്ധിക്കുന്നത് കണക്കിലെടുത്ത് റോഡ് നന്നാക്കുന്നതിന് കിഫ്ബിയുടെ അനുമതിക്കായുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ പദ്ധതികൾ

2357 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ചിരുന്ന മലപ്പുറം മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയത് ലഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ബജറ്റിൽ ഉൾപ്പെട്ടതും എന്നാൽ സ്ഥലം ലഭ്യമാകാത്തതു മൂലം ഭരണാനുമതി ലഭിക്കാത്തതുമായ മലപ്പുറം ആർ.ടി. ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കി സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വകുപ്പിൽ നിന്നും സാങ്കേതിക നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ?

## തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി

2358 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## നവകേരള സദസ് പദ്ധതികൾ

2359 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ഉയർന്നുവന്ന പദ്ധതികൾ നടപ്പിലാക്കുവാൻ 2024-25 വർഷത്തെ ബഡ്ജറ്റിൽ ആയിരം കോടി രൂപ പ്രഖ്യാപിച്ചതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2360 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2361 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഉള്ളതും മണ്ഡലത്തിന് പ്രയോജനപ്പെടുന്നതുമായ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി പണം അനുവദിച്ചിട്ടും ധനാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാത്ത എത്ര പദ്ധതികളുണ്ടെന്ന് അറിയിക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2362 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ വിവിധ വകുപ്പുകൾ മുഖേന പയ്യന്നൂർ മണ്ഡലത്തിൽ ഇതുവരെ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കിഫ്ബി റോഡുകളിൽ ടോൾ

2363 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രവർത്തനം താളംതെറ്റുകയും നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നതുമായ ആക്ഷേപം

ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കിഫ്ബിയുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കിഫ്ബിയുടെ പ്രതിസന്ധി മറികടക്കാൻ കിഫ്ബി ഫണ്ടുപയോഗിച്ച് പണിത റോഡുകളിൽ ടോൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2364 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ നടന്നുവരുന്ന കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ആസ്തി വികസന-കിഫ്ബി പ്രവൃത്തികൾ

2365 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ആസ്തി വികസന പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം, അനുവദിച്ച തുക അടക്കമുള്ള വിവരങ്ങളും അറിയിക്കാമോ;

(ബി) കിഫ്ബി ധനസഹായത്തോടെ ആലപ്പുഴ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ?

## അരൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

2366 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പൊതു വിദ്യാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന ഫണ്ട് അനുവദിച്ച സ്കൂളുകളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും നിർമ്മാണം ആരംഭിക്കാനുള്ള കെട്ടിടം, നിർമ്മാണ ചുമതലയുള്ള ഏജൻസി, എന്തുകൊണ്ടാണ് പ്രവൃത്തി നടക്കാത്തത് എന്നിവ സംബന്ധിച്ച് വിശദാംശം നൽകുമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടോൾ

2367 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(ബി) എങ്കിൽ ടോൾ ഏർപ്പെടുത്തുന്നത് കേന്ദ്രത്തിന്റ നയം മൂലം ആണോ; എങ്കിൽ കേന്ദ്ര നയത്തിലെ ഈ മാറ്റം എന്താണെന്ന് വിശദീകരിക്കാമോ;

(സി) കിഫ്ബി പദ്ധതിയിൽ വരുമാനം കണ്ടെത്തുന്നത് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; മസാല ബോണ്ട് വഴി വാങ്ങിയ തുക തിരിച്ചടച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് തിരിച്ചടച്ചത്; ആയതിന്റെ പലിശ എത്രയെന്ന് വിശദീകരിക്കാമോ;

(ഡി) കിഫ്ബി വായ്പ തിരിച്ചടവ് നടത്തുന്നതിന് പെട്രോളിയം സെസ്സ് ഈടാക്കുന്നുണ്ടോ; 2024-25 സാമ്പത്തിക വർഷം ഈയിനത്തിൽ എത്ര രൂപയാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ?

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ്

2368 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി കിഫ്ബി സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായുള്ള അഡീഷണൽ ഫിനാൻഷ്യൽ സാങ്ഷൻ നൽകുന്നതിനും പുതിയ കരാർ നൽകുന്നതിനുമുള്ള നടപടികൾ വിശദമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2369 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കിഫ്ബി പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കിഫ്ബി വായ്പകളുടെ തിരിച്ചടവ്

2370 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; ഏതൊക്കെ വായ്പകളുടെ തിരിച്ചടവിനായി എത്ര തുക വീതമാണ് വിനിയോഗിച്ചിട്ടുള്ളത്; വായ്പ തിരിച്ചടവിനായി ഏതൊക്കെ ഇനത്തിൽ ലഭ്യമായ എത്ര തുക വീതമാണ് വിനിയോഗിച്ചിട്ടുള്ളത്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) കിഫ്ബി വായ്പകളുടെ തിരിച്ചടവ് ഇനത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ തുടർച്ചയായ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ആവശ്യമായി വരുമെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; വായ്പ തിരിച്ചടവിനായി ഈ

കാലയളവിൽ എത്ര രൂപ ഏതൊക്കെ ഇനത്തിൽ സമാഹരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

## മസാല ബോണ്ട്

2371 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ട് മുഖേന കിഫ്ബി സമാഹരിച്ചിട്ടുള്ള വായ്പയുടെ തിരിച്ചടവ് മാനദണ്ഡങ്ങളും പലിശയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ എന്നാണ് തിരിച്ചടച്ചതെന്നും ഏതൊക്കെ ഇനത്തിലാണ് തിരിച്ചടച്ചതെന്നും വ്യക്തമാക്കുമോ;

(സി) സ്വന്തമായി വരുമാനം കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ കിഫ്ബി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കൃഷി വകുപ്പിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ

2372 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കിഫ്ബി മുഖേന നാളിതുവരെ എത്ര പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഓരോ പ്രോജക്ടിലും ഭരണാനുമതി ലഭിച്ച തുക, അനുവദിച്ച നൽകിയ തുക, ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ;

(ബി) എത്ര പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര പദ്ധതികളുടെ പ്രവൃത്തി തുടരുന്നുണ്ടെന്നും അറിയിക്കുമോ; എത്ര പദ്ധതികളുടെ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്; പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം എന്താണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിട നിർമ്മാണം

2373 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ?

## കിഫ്ബിയിലെ സി.എ.ജി. ഓഡിറ്റ്

2374 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ അവസാനമായി സി.എ.ജി. ഓഡിറ്റ് നടന്നത് എന്നാണ്; വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കിഫ്ബി പദ്ധതികൾക്കായുള്ള ധന സമാഹരണം</u>**

2375 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികൾക്കായി ഏതൊക്കെ ഇനത്തിലാണ് തുക സമാഹരിച്ചിട്ടുള്ളത്; ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇനി എത്ര തുക കൂടി സമാഹരിക്കേണ്ടതുണ്ട്; പ്രസ്തുത തുക ഏത് രീതിയിൽ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>അമ്പലപ്പുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2376 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി സംസ്ഥാനത്ത് ആകെ നടപ്പിലാക്കപ്പെട്ടത് എത്ര കോടി രൂപയുടെ പദ്ധതികളാണെന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ 2016 മേയ് മുതൽ നാളിതുവരെ ഏറ്റെടുത്തതും പൂർത്തിയാക്കിയതും തുടരുന്നതുമായ പദ്ധതികൾ ഏതെല്ലാം; ആകെ എത്ര കോടി രൂപയുടെ പദ്ധതികൾ ആണ് ഇത്തരത്തിൽ നടപ്പിലായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ ലഭ്യമാക്കുമോ?

**<u>തൊടുപുഴ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

2377 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ 2016-17 മുതൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കിഫ്ബി വായ്പകളുടെ തിരിച്ചടവ്</u>**

2378 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി നിലവിൽ ഏതൊക്കെ ഇനത്തിലുള്ള തുകകളാണ് വിനിയോഗിക്കുന്നത്; നാളിതുവരെ വരുമാനദായകമായ എന്തൊക്കെ പദ്ധതികൾ കിഫ്ബി നടപ്പാക്കിയിട്ടുണ്ട്; ഇതിലൂടെ എത്ര തുക സമാഹരിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**<u>കിഫ്ബി റോഡുകളിലും പാലങ്ങളിലും ടോൾ</u>**

2379 **ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ നിന്നും സർക്കാരിന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കിഫ്ബി പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച റോഡുകളിലും പാലങ്ങളിലും ടോൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) ടോൾ ഏർപ്പെടുത്തുക വഴി പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## മൂന്നാർ ഫ്ലൈ ഓവർ റോഡ് നിർമ്മാണം

2380 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കിഫ്ബി മുഖേന നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയ മൂന്നാർ ഫ്ലൈ ഓവർ റോഡിന്റെ നിർമ്മാണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതുമൂലം രൂക്ഷമായ ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ?

## നാദാപുരം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

2381 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2021-22, 2022-23, 2023-24 വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമായ വിവരം ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

2382 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി ഫണ്ട് വിനിയോഗത്തിൽ 2017-18 മുതലുള്ള ടെണ്ടർ സേവിംഗ്സ് എത്രയെന്ന് വർഷം തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അനുമതി ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ആസ്തി വികസന ഫണ്ടിൽനിന്ന് എയ്ഡഡ് സ്കൂളുകൾക്ക് കെട്ടിടം

2383 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എയ്ഡഡ് സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ചലഞ്ച് ഫണ്ട് ഉപയോഗിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കുമ്പോൾ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തേണ്ടതും ആരാണെന്ന് വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ എ.ഡി.എഫ്. ടെണ്ടർ സേവിംഗ്സ്

2384 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ 2022-23 വർഷത്തെ എം.എൽ.എ - എ.ഡി.എഫ്. പ്രകാരം നാളിതുവരെ പൂർത്തീകരിച്ച പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് എത്രയെന്ന് വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

2385 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

2386 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ?

## ഉദുമ മണ്ഡലത്തിലെ ആസ്തി വികസന നിധി ടെണ്ടർ സേവിംഗ്സ്

2387 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആസ്തി വികസന പദ്ധതി പ്രകാരം നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

2388 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട് 2016-17 മുതൽ 2024-25 വർഷം വരെ കയ്പമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ശിപാർശ നൽകിയിട്ടുള്ളത്; വർഷം തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ശിപാർശ നൽകിയ പ്രവൃത്തികളിൽ ഇനി ഭരണാനുമതി നൽകാത്തവ ഏതൊക്കെയാണെന്നും അവയ്ക്ക് ഇതുവരെ ഭരണാനുമതി നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് എത്രയും വേഗം ഭരണാനുമതി നൽകാൻ വേണ്ട എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലും, പ്രാദേശിക വികസന ഫണ്ടിലും 2016-17 മുതൽ 2024-25 വരെ ഓരോ വർഷവും ടെണ്ടർ ബാലൻസ് എത്രയെന്ന് വിശദമാക്കാമോ;

(ജി) കയ്പമംഗലം പോലുള്ള തീരദേശ മണ്ഡലത്തിന് പ്രവൃത്തികൾ ടെണ്ടർ പോകാത്തതിനാൽ തുക നഷ്ടമാകാനുള്ള സാധ്യതകളും ഗതാഗത ക്ലേശവും കണക്കിലെടുത്ത് പ്രത്യേകം കോസ്റ്റ് ഇൻഡക്സ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

## <u>ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡം</u>

2389 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 മുതൽ ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ വിവിധ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് 2023-24 ൽ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്നെങ്കിലും 2024-25 വർഷം കൊടുത്ത നിർദ്ദേശങ്ങളിൽ പ്രത്യേകാനുമതിക്ക് അപേക്ഷ നൽകിയപ്പോൾ ധനകാര്യ വകുപ്പ് ചലഞ്ച് ഫണ്ടിന്റെ സാധ്യത പരിശോധിക്കാൻ ജില്ലാ കലക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക</u>

2390 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**അങ്കണവാടി കെട്ടിട നിർമ്മാണത്തിന് പ്രത്യേകാനുമതി**

2391 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ 2021-22 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്തിരുന്ന അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 5-ലെ 137-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം പണിയുന്നതിനായി 22 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഏറനാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

2392 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2021-22 മുതൽ 2024-25 വരെ ഏതെല്ലാം പദ്ധതികൾക്കാണ് ഏറനാട് മണ്ഡലത്തിൽ നിന്നും ശിപാർശ നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഇനി ഭരണാനുമതി നൽകാനുള്ളവ ഏതൊക്കെയാണെന്നും അവയ്ക്ക് ഇതുവരെ ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എത്രയും വേഗം ഭരണാനുമതി നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക**

2393 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പദ്ധതികളിലെ 2016-17 മുതൽ 2023-24 വരെയുള്ള ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിശദാംശം സാമ്പത്തിക വർഷം തിരിച്ച് നൽകാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

2394 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ബാക്കി എത്ര തുകയുണ്ടെന്നുമുള്ള വിശദാംശം നൽകാമോ?

## മുല്ലശ്ശേരി സി.എച്ച്.സി.-യിൽ തൈറോയ്ഡ് ലാബിന് പ്രത്യേകാനുമതി

2395 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എയുടെ 2020-21 വർഷത്തെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-യിൽ തൈറോയ്ഡ് ലാബ് സജ്ജീകരിക്കുന്നതിനായി എട്ട് ലക്ഷം രൂപയുടെ പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

## കായംകുളം മണ്ഡലത്തിലെ ആസ്തി-പ്രത്യേക വികസന നിധി പദ്ധതികൾ

2396 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി അനുവദിച്ച തുക, നിർമ്മാണം പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ എന്നിവയുടെ വിശദാംശം വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികളുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ പ്രത്യേക വികസന നിധി പ്രവൃത്തികൾ

2397 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് എം.എൽ.എ.- പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുക എത്ര വീതമാണെന്നും വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## തൊടുപുഴ മണ്ഡലത്തിലെ ആസ്തി വികസന ടെണ്ടർ സേവിംഗ്സ്

2398 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള 2021-22, 2022-23, 2023-24 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളിലാണ് ടെണ്ടർ സേവിംഗ്സ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ

2399 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി എം.എൽ.എ. - എ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## എം.എൽ.എ. ഫണ്ടിൽനിന്ന് വാഹനം വാങ്ങുന്നതിലെ കാലതാമസം

2400 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. -മാരുടെ വികസന ഫണ്ടുകൾ ഉപയോഗിച്ച് അനുവദിക്കുന്ന വാഹനങ്ങൾ ലഭിക്കുന്നതിന് വലിയ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിർദ്ദേശിക്കപ്പെട്ട കമ്പനികളിൽ നിന്നും വാഹനം വേഗത്തിൽ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) വാഹനം ലഭിക്കുന്നതിന് ഒന്നിലധികം തവണ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൂവാറ്റുപുഴ മണ്ഡലത്തിലെ ആസ്തി-പ്രത്യേക വികസന നിധി പദ്ധതികൾ

2401 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ മുൻ ജനപ്രതിനിധി ശ്രീ. എൽദോ എബ്രഹാം ശിപാർശ ചെയ്ത് ആസ്തി വികസന പദ്ധതിയിലും പ്രത്യേക വികസനനിധി പദ്ധതിയിലും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന പദ്ധതികളുടെ/ പ്രവൃത്തികളുടെ വിശദാംശങ്ങളും നിർവ്വഹണ ഏജൻസി ഏതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിലെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ഹാബിറ്റാറ്റ് മുഖാന്തരം നിർവ്വഹണം നടത്തുവാൻ ഭരണാനുമതി നൽകിയിരുന്ന പദ്ധതികളുടെ/ പ്രവൃത്തികളുടെ

വിശദാംശങ്ങളും പ്രസ്തുത പ്രവൃത്തികളുടെ നിർവഹണത്തിലെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**<u>മാങ്കാവ്-മേത്തോട്ടുതാഴം എം.എൽ.എ. റോഡ്</u>**

2402 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മാങ്കാവ്-മേത്തോട്ടുതാഴം എം.എൽ.എ. റോഡ് വികസനത്തിന് അനുവദിച്ച 23 കോടി രൂപ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഫണ്ട് അനുവദിക്കുന്നതിനുള്ള സാങ്കേതികതടസ്സങ്ങൾ നീക്കി അതിവേഗം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>ജി.ഡി.പി.യിലെ കേരളത്തിന്റെ വിഹിതം</u>**

2403 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ഡി.പി കേന്ദ്ര ജി.ഡി.പി. -യിലേക്ക് 2017 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര ശതമാനം വീതമാണ് സംഭാവന ചെയ്തതെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാർ സമീപനം</u>**

2404 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനോട് പകപോക്കുന്ന തരത്തിലുള്ള നിലപാടാണ് പലപ്പോഴും കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുള്ള തുക കണ്ടെത്താൻ രൂപീകരിച്ച കിഫ്ബിയെ തകർക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതികൾക്ക് കേന്ദ്രം ഗ്രാന്റായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് സംസ്ഥാനങ്ങൾ പലിശസഹിതം തിരിച്ചടയ്ക്കണമെന്ന് മാത്രമല്ല പദ്ധതിയുടെ ലാഭവിഹിതവും നൽകണമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വയനാട് മുണ്ടക്കൈ ദുരന്തത്തിന് യഥാസമയം അർഹമായ ധനസഹായം നൽകുന്ന കാര്യത്തിൽ കേന്ദ്രം സ്വീകരിച്ചുവരുന്ന സമീപനം വ്യക്തമാക്കാമോ?

**<u>കേന്ദ്ര ബജറ്റിലെ സംസ്ഥാനത്തോടുള്ള അവഗണന</u>**

2405 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും നിരസിക്കുന്നതും പൊതുവേ നിരാശജനകവുമാണെന്ന സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ടതും ന്യായമായതുമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം</u>

2406 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം നൽകാതെയും സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നു എന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേന്ദ്ര ധനവിഹിതത്തിലെ കുറവുമൂലം പദ്ധതി നിർവ്വഹണം തടസപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## <u>കേന്ദ്രം നൽകുന്ന കാപ്പെക്സ് വായ്പ</u>

2407 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചു വരുന്ന കാപ്പെക്സ് വായ്പയിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുകയെത്ര; വിശദാംശം നൽകുമോ;

(ബി) കാപ്പെക്സ് വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) ഈയിനത്തിൽ ഇതര സംസ്ഥാനങ്ങൾക്ക് അനുവദിച്ച തുകയും സംസ്ഥാനത്തിന് അനുവദിച്ച തുകയും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അർഹതപ്പെട്ട വായ്പ സമയബന്ധിതമായി അനുവദിക്കാതെയും അടിസ്ഥാന സൗകര്യവികസനത്തിനായി സംസ്ഥാന സർക്കാർ വായ്പയായി സമാഹരിക്കുന്ന തുക കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തി കുറവ് ചെയ്തും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾക്ക് പ്രത്യേക അനുമതി</u>

2408 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ തങ്കളം ജംഗ്ഷനിൽ സോളാർ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനും (File No. Nc B3 7), നെല്ലിക്കുഴി പഞ്ചായത്ത് വാർഡ് പതിനാലിലെ കുറ്റിലഞ്ഞി -ഇരമല്ലൂർ-റേഷൻകടവഴി കനാൽ റോഡിന്റെ നിർമ്മാണത്തിനും (File No. Nc B3 18), വാർഡ് ഇരുപത്തിയൊന്നിലെ മാളികേപ്പീടിക -ചക്കുംചിറ റോഡിന്റെ നിർമ്മാണത്തിനും (Nc B3 15) പ്രത്യേക അനുമതിക്കായി എം.എൽ.എ. നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് മൂന്നു പ്രവൃത്തികൾക്കും അടിയന്തരമായി പ്രത്യേക അനുമതി നൽകുമോ; വ്യക്തമാക്കാമോ?

## <u>സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണയം</u>

2409 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ സ്ഥാനക്കയറ്റ തസ്തികയുടെ ശമ്പള സ്കെയിൽ മിനിമം Rs.95600 -ന് ഉള്ളിലുള്ള സ്ഥാനക്കയറ്റങ്ങളിൽ കെ.എസ്.ആർ. പാർട്ട് ഒന്ന് - ചട്ടം 28 A പ്രകാരം സ്ഥാനക്കയറ്റ തീയതിയിൽ ഫിക്സേഷൻ അനുവദിച്ച ശേഷം, താഴ്ന്ന തസ്തികയിലെ ശമ്പളം ഇൻക്രിമെന്റ് തീയതിയിൽ വ്യത്യാസപ്പെടുന്ന മുറയ്ക്ക് റീഫിക്സേഷൻ അനുവദിക്കുന്നതിന് മുൻപായി വീണ്ടും സ്ഥാനക്കയറ്റം ലഭിച്ചാൽ രണ്ടാമത്തെ സ്ഥാനക്കയറ്റ തസ്തികയുടെ ശമ്പള സ്കെയിൽ മിനിമവും Rs.95600-ന് ഉള്ളിൽ ആണെങ്കിൽ (അതായത് Senior Clerk to Head Clerk- Pay fixed on the date of promotion- Promoted as Junior Superintendent before refixation) എപ്രകാരമാണ് ശമ്പളം നിർണയം നടത്തേണ്ടത് എന്നറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ സംഗതിയിൽ ഒന്നാമത്തെ താഴ്ന്ന തസ്തികയുടെ (Senior Clerk) ശമ്പള വ്യതിയാന തീയതി/ഇൻക്രിമെന്റ് തീയതി അടിസ്ഥാനമാക്കി മൂന്നാമത്തെ തസ്തികയിൽ -Junior Superintendent-(രണ്ടാമത്തെ സ്ഥാനക്കയറ്റ തസ്തിക) റീഫിക്സേഷൻ നടത്തുന്നത് അനുവദനീയമാണോ എന്ന് വ്യക്തമാക്കാമോ; അനുവദനീയമല്ലെങ്കിൽ ആദ്യ സ്ഥാനക്കയറ്റ തസ്തികയുടെ (Head Clerk) ശമ്പള വ്യതിയാന തീയതി/ഇൻക്രിമെന്റ് തീയതി അടിസ്ഥാനമാക്കിയാണോ രണ്ടാമത്തെ സ്ഥാനക്കയറ്റ തസ്തിക(Junior Superintendent) യിൽ റീഫിക്സേഷൻ നടത്തുന്നത് എന്നറിയിക്കാമോ; വിശദാംശങ്ങൾ ചട്ടങ്ങൾ സഹിതം അറിയിക്കാമോ;

(സി) ഖണ്ഡം (B) ആദ്യ ഭാഗം അനുവദനീയമല്ലെങ്കിൽ കെ.എസ്.ആർ.- ലെ ഏത് ചട്ട പ്രകാരമാണ് ആയത് അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>ക്ഷാമബത്ത കുടിശ്ശിക</u>

2410 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ഡി.എ. ആണ് നൽകുന്നത്; കേന്ദ്രസർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും എന്നാൽ ആയതിന് ആനുപാതികമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകാത്തതുമായ ഡി.എ. കുടിശ്ശികയുടെ ശതമാന കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാത്തത് പുന:പരിശോധിക്കുമോ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ഡി. എ. കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

## എൻ.പി.എസ്. പെൻഷൻകാർ

2411 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എസ്. പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ട്; അതിൽ എത്ര പേർ 5000 രൂപക്ക് മുകളിൽ പെൻഷൻ കൈപ്പറ്റുന്നുണ്ട്; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) എത്രപേർ 1600 രൂപയിൽ താഴെ പെൻഷൻ കൈപ്പറ്റുന്നുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ; ഇവരുടെ മെഡിസെപ്പ് പദ്ധതിയിലെ പ്രീമിയം നിലവിൽ സർക്കാർ ഒടുക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) 1600 രൂപയിൽ താഴെ കൈപ്പറ്റുന്ന പെൻഷൻകാർക്ക് ഗ്രാറ്റുവിറ്റി, സാമൂഹ്യ സുരക്ഷാ പെൻഷൻ, മുൻഗണന റേഷൻകാർഡ് എന്നിവ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) എൻ.പി.എസ്. പദ്ധതി പ്രകാരമുള്ള പെൻഷൻകാരുടെ മെഡിസെപ്പ് പദ്ധതിയിലെ പ്രീമിയം സർക്കാർ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ നടപടി

2412 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 നവംബർ 7 ന്, വിരമിച്ച ജഡ്ജി അടങ്ങിയ പുന:പരിശോധനാ സമിതിയെ നിയോഗിക്കുകയും സമിതി 2021-ൽ ലഭ്യമാക്കിയ റിപ്പോർട്ട് പഠിക്കാൻ 2023-ൽ ധനമന്ത്രി, നിയമമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി രൂപീകരിക്കുകയും ചെയ്തെങ്കിലും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിൽ നിന്ന് വിരമിച്ച ഭൂരിഭാഗം ജീവനക്കാർക്കും സാമൂഹിക ക്ഷേമ പെൻഷനെക്കാളും കുറഞ്ഞ നിരക്കിലാണ് പെൻഷൻ ലഭ്യമാകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡി.സി.ആർ.ജി. നിഷേധിച്ചും 30% ആശ്വാസ ധനസഹായം കുറച്ചുകൊണ്ടും എൻ.പി.എസ്. പദ്ധതിയിൽ മാറ്റങ്ങൾ നടപ്പിൽ വരുത്തിയതിൽ മേൽപ്പറഞ്ഞ

സമിതികളുടെ റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ; ആയത് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാരിൽ നിന്നും വിഹിതമായി സ്വീകരിച്ച ആകെ തുകയിൽ നിന്നും സർക്കാർ എത്ര രൂപ വായ്പ എടുത്തിട്ടുണ്ട്; ഇങ്ങനെ വായ്പ എടുത്തത് മൂലം പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ തടസ്സം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) മേൽപ്പറഞ്ഞവ പരിഗണിച്ച്, കേന്ദ്രസർക്കാർ നടപ്പിൽ വരുത്തിയ ദേശീയ യൂണിഫൈഡ് പെൻഷൻ പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ശൂന്യ വേതന/ഡയസ് നോൺ കാലത്തെ വേതനം കണക്കാക്കൽ

2413 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർ വേതനമില്ലാത്ത അവധി എടുക്കുന്ന പക്ഷം അവ എടുത്ത മാസത്തേതിന് ആനുപാതികമായി സ്പാർക്ക് ബിൽ സിസ്റ്റത്തിൽ കുറവു ചെയ്യുന്നതിന് സംവിധാനമുണ്ടോ, വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വേതനം കുറവുചെയ്യുന്നത് ലീവ് എടുത്ത മാസത്തിലെ ശമ്പളത്തിൽ നിന്നുമാണോ; ആ മാസത്തിലെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യാനായില്ലെങ്കിൽ തൊട്ടടുത്ത മാസത്തിൽനിന്നും കുറവു ചെയ്യാറുണ്ടോ; അപ്രകാരം ചെയ്യുന്ന പക്ഷം മാസങ്ങളിലെ ദിവസങ്ങളുടെ എണ്ണം വ്യത്യാസപ്പെടുന്നത് വഴിയുണ്ടാകുന്ന വേതനക്കുറവ് എപ്രകാരമാണ് കണക്കാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഡയസ് നോൺ ബാധകമാക്കുമ്പോഴും ഇതേ രീതിയാണോ തുടരുന്നത്; ജനുവരി മാസത്തെ ഡയസ് നോൺ പ്രകാരമുള്ള തുക ഫെബ്രുവരി മാസം ഈടാക്കുന്നതിനുള്ള തീരുമാനം എടുത്തതിന് ആധാരമായ കാര്യങ്ങൾ വിശദമാക്കുമോ?

## ധനകാര്യ വകുപ്പിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

2414 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച 08/04/2022 -ലെ സ.ഉ.(കൈ) നം. 52/2022/പൊ.ഭ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് വിഭാഗം മുതലുള്ള എത്ര ജീവനക്കാർ നിശ്ചിത കാലപരിധി കഴിഞ്ഞും ഒരേ സീറ്റിൽ ജോലിചെയ്തുവരുന്നുവെന്ന വിവരം സെക്ഷൻ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകളിൽ ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇളവനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) അപ്രകാരം ഇളവ് നൽകിയവരുടെ വിവരങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ജീവനക്കാർ പാലിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നത് നിരീക്ഷിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

## സ്പാർക്ക് സോഫ്റ്റ്‌വെയറിലെ തിരിമറി

2415 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കിൽ ഹാക്കിങ്, മറ്റ് തിരിമറികൾ എന്നിവ നടത്തി ശമ്പളം, ലീവ് സാലറി, സ്പെഷ്യൽ അലവൻസ് എന്നിവ ക്രമവിരുദ്ധമായി മാറിയെടുത്ത് സംസ്ഥാന ഖജനാവിന് നഷ്ടം വരുത്തിയ ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ മൂലം സർക്കാരിനുണ്ടായ നഷ്ടം, ക്രമക്കേട് നടന്ന സ്ഥാപനം, സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## പി.എഫ്.-ൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശിക

2416 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 08.02.2021 ലെ ജി.ഒ (പി) നം. 25/2021/ഫിൻ ഉത്തരവ് പ്രകാരം ഏതൊക്കെ കാലയളവിലെ എത്ര ശതമാനം വീതമുള്ള ക്ഷാമബത്തയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത ക്ഷാമബത്തയുടെ കുടിശ്ശിക സ്പാർക്ക് വഴി പി.എഫ്. അക്കൗണ്ടിൽ ലയിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്പാർക്ക് ബിൽ സിസ്റ്റത്തിൽ ഓരോ ഗഡു ക്ഷാമബത്തയുടെയും കുടിശ്ശിക പ്രത്യേകമായി ഇനം തിരിച്ച് കണക്കാക്കിയാണോ തുക പി.എഫ്. അക്കൗണ്ടിൽ ലയിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ചെയ്തിട്ടില്ലെങ്കിൽ ലോക്ക് ഇൻ പിരീഡ് കഴിഞ്ഞ ഓരോ ഗഡു ക്ഷാമബത്തയുടെയും കുടിശ്ശികയുടെ കണക്കുകൾ വേർതിരിച്ചറിയാൻ സാധ്യമല്ലെന്നും അതു കാരണം പിൻവലിക്കുവാൻ സാധിക്കുകയില്ലെന്നുമിരിക്കെ ഇപ്രകാരമൊരു നടപടി സ്വീകരിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ലയിപ്പിച്ച രണ്ടു ഗഡു ക്ഷാമബത്തയുടെ കുടിശ്ശിക പിൻവലിക്കുവാൻ അനുമതി നൽകിയാലും തുക വേർതിരിച്ച് അക്കൗണ്ടന്റ് ജനറലിന് നൽകാത്തതിനാൽ എങ്ങനെയാണ് ജീവനക്കാർക്ക് ഇത് ലഭ്യമാകുകയെന്ന് വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ പ്രകാരം ഒന്നിലധികം കുടിശ്ശികകൾ പി.എഫ്.- ൽ ലയിപ്പിക്കുമ്പോൾ ഓരോ ഗഡുവിന്റെ തുകയും ഇനം തിരിച്ച് കണക്കാക്കുന്നതിനും അവയുടെ വ്യത്യസ്തമായ ലോക്ക് ഇൻ പിരീഡുകൾ കഴിയുന്ന മുറയ്ക്ക് അവ പിൻവലിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## പി.എഫ്.-ൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശിക

2417 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 08.02.2021 ലെ സ.ഉ (പി)നം. 25/2021/ധന. ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്തയുടെ കുടിശ്ശിക തുക ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ലയിപ്പിച്ചിരുന്നോ; പ്രസ്തുത തുക എത്ര വർഷത്തേക്കാണ് ലോക്ക് ഇൻ ചെയ്തിരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലയിപ്പിച്ച തുക പിൻവലിക്കുന്നതിന് സ്പാർക്കിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത തുക പിൻവലിക്കുന്നതിന് നിലവിൽ അനുമതി നൽകാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇത് തടഞ്ഞുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നൽകുമോ; പ്രസ്തുത തുക പിൻവലിക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പകർപ്പുകൾ നൽകുമോ;

(ഡി) സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ക്ഷാമബത്തയുടെ പിൻവലിക്കൽ തടഞ്ഞുവെയ്ക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടില്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് കുടിശ്ശിക തുക തടഞ്ഞുവെയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## പ്രവാസി ക്ഷേമ പദ്ധതികൾക്ക് നീക്കി വച്ച തുക

2418 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ വിവിധ പ്രവാസി ക്ഷേമ പദ്ധതികൾക്കായി 170 കോടി രൂപ നീക്കി വയ്ക്കുകയുണ്ടായോ;

(ബി) ഇതിൽ ആകെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക ഏതൊക്കെ പദ്ധതികൾക്കായി എത്ര വീതമാണ് ചെലവാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പുനലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

2419 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റുകളിൽ തുക വകയിരുത്തിയിട്ടുള്ള പുനലൂർ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## പാലാ മണ്ഡലത്തിലെ കടവ് പുഴ പാലം നിർമ്മാണം

2420 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ലെ ബജറ്റിൽ പാലാ മണ്ഡലത്തിൽ മൂന്നിലവ് ഗ്രാമപ്പഞ്ചായത്തിലെ ചില്ലിച്ചി തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 3.5 കോടി രൂപ അനുവദിക്കുകയും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാതെ പോകുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത തുക 2021-ലെ കാലവർഷക്കെടുതിയിൽ തകർന്നുപോയ ഇതേ പഞ്ചായത്തിലെ കടവ് പുഴ പാലത്തിന് മാറ്റി അനുവദിക്കുന്നതിന് നൽകിയ നിവേദനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) തുക കടവ് പുഴ പാലത്തിന് മാറ്റി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ</u>

2421 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിലെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് 20% തുക വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇവയിൽ പ്രവൃത്തി ആരംഭിക്കാത്തതോ ഭരണാനുമതി ലഭ്യമാക്കാത്തതോ ആയ ഏതെങ്കിലും പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

## <u>കയ്പമംഗലം മണ്ഡലത്തിലെ പദ്ധതി പുരോഗതി</u>

2422 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ ബജറ്റിൽ പ്രഖ്യാപിച്ചതും ഇരുപത് ശതമാനം തുക വകയിരുത്തിയതുമായ കയ്പമംഗലം മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയെന്ന് വർഷം തിരിച്ച വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ആയതിൻമേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ എന്തിനെല്ലാം ഭരണാനുമതി ലഭിച്ചുവെന്നും ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും വർഷം തിരിച്ച നൽകാമോ;

(ഡി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികളിൽ ഭരണാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>ബജറ്റിലെ പദ്ധതികളുടെ പുരോഗതി</u>

2423 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷക്കാലത്തെ സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച്

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) നടപ്പിലാക്കാൻ ബാക്കിയുള്ള പദ്ധതികൾ ഏതോക്കെയാണെന്നും അതിന്റെ കാരണങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ യു.ജി. കേബിൾ സ്ഥാപിക്കൽ**

2424 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ യു.ജി. കേബിൾ സ്ഥാപിക്കുവാൻ ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി ധനവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**ഹൈഡ്രജൻ ഇന്ധന ബസ്സുകൾ**

2425 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡ്രജൻ ഇന്ധനമായി ബസ്സുകൾ നിരത്തിലിറക്കുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും സിയാലിന്റെയും സഹകരണത്തോടെയുള്ള പദ്ധതിക്കായി 10 കോടി രൂപ 2021-22 ലെ ബജറ്റിൽ വകയിരുത്തുകയുണ്ടായോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പദ്ധതിക്കായി നീക്കിവച്ച തുകയിൽ എത്ര രൂപയാണ് ഇതിനകം ചെലവാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത തുക ഏതൊക്കെ ഇനങ്ങളിലായി എത്ര വീതമാണ് ചെലവാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

**കൊല്ലം ജില്ലയ്ക്ക് ബജറ്റിൽ അനുവദിച്ച പ്രവൃത്തികൾ**

2426 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെ കൊല്ലം ജില്ലയ്ക്കായി ബജറ്റിൽ തുക വകയിരുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ?

**വിദ്യാഭ്യാസ വകുപ്പുകളുടെ പദ്ധതി തുക**

2427 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെ പൊതു വിദ്യാഭ്യാസ വകുപ്പിനും ഉന്നത വിദ്യാഭ്യാസ വകുപ്പിനും പദ്ധതി ഇനത്തിൽ വകയിരുത്തിയ തുക എത്രയെന്നും അത് ആകെ ബജറ്റിന്റെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ?

## സാമൂഹ്യ സുരക്ഷാ പെൻഷനിലെ കേന്ദ്ര വിഹിതം

2428 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്തതു മൂലം ഗുണഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര വിഹിതം എത്ര മാസത്തെ കുടിശ്ശികയുണ്ട്;

(സി) കേന്ദ്ര വിഹിതം ലഭിക്കുന്ന പെൻഷൻകാരുടെ എണ്ണം വ്യക്തമാക്കുമോ?

## സമ്പദ് വ്യവസ്ഥ ചലനാത്മകമാക്കാൻ ഇടപെടലുകൾ

2429 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഉപരോധ സമാന സാമ്പത്തിക അവഗണനയ്ക്കിടയിലും സമ്പദ് വ്യവസ്ഥ ചലനാത്മകമാക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമ്പദ് വ്യവസ്ഥയുടെ വളർച്ച സൂചിപ്പിക്കുന്ന മാനകങ്ങളിലെല്ലാം സംസ്ഥാനത്തിന് ഗുണകരമായ മാറ്റങ്ങൾ കാണുന്നുവെന്നത് കേന്ദ്രാവഗണനയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കാമോ;

(സി) അർഹതപ്പെട്ട സാമ്പത്തികവിഹിതം സമയബന്ധിതമായി നൽകുവാൻ കേന്ദ്രം തയ്യാറായിരുന്നെങ്കിൽ ഈ സാമ്പത്തിക മാനകങ്ങളിലെല്ലാം രാജ്യത്തെ മുൻ നിര സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിയുമായിരുന്നില്ലേ; വിശദമാക്കാമോ?

## ജി.എസ്.ഡി.പി. വളർച്ച

2430 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ വ്യവസായങ്ങൾ ഉണ്ടാക്കുന്ന മുതൽമുടക്ക്, ഉത്പാദിപ്പിക്കുന്ന ചരക്ക് (പൂർത്തിയായ ചരക്കുകൾ), നൽകുന്ന സേവനങ്ങൾ, നികുതി എന്നിവ ജി.എസ്.ഡി.പി-യിൽ വളർച്ചയുണ്ടാക്കും എന്നത് വസ്തുതയല്ലേ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ജി.എസ്.ഡി.പി.-യിൽ ഉണ്ടാകുന്ന വളർച്ച രാജ്യത്തിന്റെ ജി.ഡി.പി.-യിലെ സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിപ്പിക്കും എന്നത് വസ്തുതയല്ലേ; വ്യക്തമാക്കാമോ?

## സാമ്പത്തിക ഭദ്രത സൂചിക

2431 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ സാമ്പത്തികനില വിലയിരുത്താനായി നിതി ആയോഗ് പ്രസിദ്ധീകരിച്ച പ്രഥമ സാമ്പത്തിക ഭദ്രത സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ നിരയിൽ കേരളം പതിനഞ്ചാമതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതൊക്കെ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത സൂചിക തയ്യാറാക്കിയിട്ടുള്ളത്; പ്രസ്തുത സൂചികയിൽ കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള കുടിശ്ശിക

2432 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശിക തുക ലഭിക്കാനുള്ള വിവിധ ഇനങ്ങൾ ഏതൊക്കെയാണെന്നും ഓരോ ഇനത്തിലും എത്ര തുക വീതം ലഭിക്കാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇവയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തത് മൂലവും കേന്ദ്ര ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ നൽകാത്തതു മൂലവും തുക ലഭിക്കാത്ത ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഇനങ്ങളാണെന്നും എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ലഭിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

## പൊതുമേഖലാ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ

2433 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) 2014 സെപ്റ്റംബർ 1 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്;

(സി) സർവ്വീസ് പെൻഷൻ ലഭിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം എൻ.പി.എസ്. ബാധകമായവരുടെ പെൻഷൻ പ്രായത്തിനൊപ്പമാക്കി ഏകീകരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## എൽ.എസ്.ജി.ഡി. കരാറുകാരുടെ കുടിശ്ശിക

2434 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കരാർ എടുക്കുകയും പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുകയും ചെയ്ത് ഒരു വർഷമായിട്ടും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് അലോട്ട്മെന്റ് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച എത്ര പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പേയ്മെന്റ് ലഭിക്കാനുള്ളതെന്നും ഏത് മാസം വരെയുള്ള ബില്ലുകൾക്കാണ് നിലവിൽ പേയ്മെൻറ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ചീഫ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) ധനവകുപ്പിനോട് അലോട്ട്മെന്റ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എത്ര തുകയാണെന്നും ഇതിൽ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ; ആവശ്യപ്പെട്ട മുഴുവൻ തുകയും നൽകാത്തതിന്റെ കാരണം അറിയിക്കാമോ; അവസാനമായി എത്ര തുകയാണ് എൽ.എസ്.ജി.ഡി.ക്ക് അലോട്ട്മെന്റായി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) 01.01.2024 മുതൽ നാളിതുവരെ എത്ര തുകയാണ് ധനവകുപ്പ് പ്രസ്തുത ഇനത്തിൽ ചീഫ് എഞ്ചിനീയർ (എൽ.എസ്.ജിഡി.) ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് ഉപജീവന മാർഗ്ഗം നടത്തുന്ന സാധാരണക്കാരായ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) എൽ.എസ്.ജി.ഡി.ക്ക് അലോട്ട്മെന്റ് നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കുടിശ്ശിക തീർപ്പാക്കാൻ ഈ സാമ്പത്തിക വർഷം അലോട്ട്മെന്റ് നൽകുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ജി) കുടിശ്ശിക ഉള്ളതിനാൽ മിക്ക പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടും കരാറിൽ ആരും പങ്കെടുക്കാതിരുന്ന അവസ്ഥ ഒഴിവാക്കാൻ അടിയന്തരമായി എൽ.എസ്.ജി.ഡി. കരാറുകാരുടെ നാളിതുവരെയുള്ള കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ആദിക്കാട്ടുകുളങ്ങര-കുടശനാട് റോഡ് നിർമ്മാണം

2435 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ആദിക്കാട്ടുകുളങ്ങര - കുടശനാട് റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നെങ്കിലും നിർമ്മാണം ആരംഭിക്കുവാൻ ധനവകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി (പി.ഡബ്ല്യു.ഡി-ജി 1/465/2024) നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## കരാറുകാർക്കുള്ള കുടിശ്ശിക

2436 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല്യ വർഷക്കാലം കരാറുകാർ ഏറ്റെടുത്ത് നടത്തിയ വിവിധ പദ്ധതികൾക്കുള്ള തുക കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട കുടിശ്ശികയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) കരാറുകാർക്ക് മൊത്തം എത്ര കുടിശ്ശിക ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കുടിശ്ശിക എത്രകാലമായി നിലനിൽക്കുന്നുണ്ടെന്നും അവ എപ്പോൾ കൊടുത്തുതീർക്കുമെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

## വിലക്കയറ്റം തടയാൻ നടപടികൾ

2437 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരിയിൽ സംസ്ഥാനത്തെ വിലക്കയറ്റത്തിന്റെ നിരക്ക് ദേശീയ നിരക്കിനേക്കാൾ ഉയർന്നു നിൽക്കുന്നുവെന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയതലത്തിൽ കുറഞ്ഞു നിൽക്കുന്ന മിക്ക ഭക്ഷ്യോൽപ്പന്നങ്ങളുടെയും വില സംസ്ഥാനത്ത് ഇക്കാലയളവിൽ വർദ്ധിച്ചു എന്ന റിപ്പോർട്ടിലെ പരാമർശം ഗൗരവമായി കാണുന്നുണ്ടോ;

(സി) സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിലെ ഉദ്യോഗസ്ഥരുടെ യോഗ്യതകൾ

2438 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ കീഴിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിലവിലെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിലെ സാങ്കേതിക വിദഗ്ധരായ വിവിധ ഉദ്യോഗസ്ഥരുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ്, എൽ.എസ്.ജി.ഡി. എന്നിവിടങ്ങളിലെ വിവിധ തലങ്ങളിലുള്ള എൻജിനീയർമാർ പരിശോധിച്ച ഭരണാനുമതിക്കുള്ള പ്രവൃത്തികളുടെ ഫയലുകൾ ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ

എക്സാമിനർ (സി.ടി.ഇ.) ഓഫീസിൽ വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസിലുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, പ്രധാന ജില്ലാ റോഡുകൾ തുടങ്ങിയ റോഡുകളിൽ ബി. എം. & ബി.സി. നിലവാരത്തിൽ നിർമ്മാണ പ്രവൃത്തികൾ ചെയ്യിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പൊതുമരാമത്ത്, എൽ.എസ്.ജി.ഡി. എൻജിനീയറിങ് വിഭാഗം ഉദ്യോഗസ്ഥരെക്കാൾ ഏതെല്ലാം സാങ്കേതിക വൈദഗ്ദ്ധ്യങ്ങൾ നേടിയവരാണ് സി.ടി.ഇ. ഓഫീസിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്ന് വ്യക്തമാക്കാമോ;

(എഫ്) അസിസ്റ്റന്റ് എഞ്ചിനിയർ മുതൽ ചീഫ് എൻജിനീയർ വരെ കണ്ട ഫയലുകൾ ധനകാര്യവകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ വീണ്ടും കാണുന്നത് മൂലം ഫയലുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ധനകാര്യവകുപ്പ് നടപടി സ്വീകരിക്കുമോ?

## പരവൂർ അഗ്നിരക്ഷാനിലയത്തിന് ധനകാര്യ അനുമതി

2439 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തികവർഷം തന്നെ ധനകാര്യ അനുമതി നൽകേണ്ടതിന്റെ അനിവാര്യത വ്യക്തമാക്കി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ (നമ്പർ. 8993390) ധനകാര്യ വകുപ്പ് ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സർവീസ് റെഗുലറൈസേഷൻ

2440 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കിയ ഐ.കെ.എം. സർവീസ് റൂൾസ് ആൻഡ് റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഐ.കെ.എം. ജീവനക്കാരുടെ സർവീസ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഫയലിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ജീവനക്കാരുടെ 2017-ലെ ശമ്പളപരിഷ്കരണവും പുനരുദ്ധാരണവും ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക

2441 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക വർദ്ധിപ്പിക്കണമെന്ന് ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) നിലവിലെ ഇൻഷ്വറൻസ് കവറേജ് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(സി) ഈ പദ്ധതി ജീവനക്കാർക്കും പെൻഷൻകാർക്കും ആകർഷകമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

## പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി.

2442 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ പ്രവർത്തനം ആരംഭിച്ച നിർദ്ദിഷ്ട എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്ഥലം ലഭ്യമാക്കി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുമോ; പ്രസ്തുത തുക അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## വ്യയ നിയന്ത്രണങ്ങളുടെ ലംഘനം

2443 **ശ്രീ രമേശ് ചെന്നിത്തല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനദൃഢീകരണം സാധ്യമാക്കുന്നതിനുള്ള വ്യയ നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദേശങ്ങൾ മറികടന്നുകൊണ്ട് വിവിധ സർക്കാർ ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള നവീകരണ പ്രവൃത്തികൾ, ഓഫീസ് മോടി പിടിപ്പിക്കൽ, പുതിയ കാറുകൾ വാങ്ങൽ എന്നിവ സംബന്ധിച്ച ചെലവുകളുടെ ഇനവും സ്ഥാപനവും തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

## കീരംപാറ പഞ്ചായത്തിൽ വൈദ്യുത വിളക്ക്

2444 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള വഴിയിലെ വന്യമൃഗ സാന്നിധ്യം കാരണം രാത്രികാല യാത്രകൾ ബുദ്ധിമുട്ടായതിനാൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം

കണക്കിലെടുത്ത് പ്രസ്തുത വഴിയിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ച് വൈദ്യുത വിളക്ക് സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിന്മേൽ പ്രത്യേക അനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് ( ഫയൽ നം. 3032881) അനുകൂല തീരുമാനം സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കാഷ്വാലിറ്റി ആൻറ് ഡയാലിസിസ് യൂണിറ്റ് നിർമ്മാണ പ്രവൃത്തിയുടെ പ്രത്യേക അനുമതിക്കായി നൽകിയിരിക്കുന്ന അപേക്ഷയിന്മേൽ ( ഫയൽ നം.2620990) അടിയന്തരമായി അനുകൂല തീരുമാനം എടുക്കുമോ; വ്യക്തമാക്കാമോ?

## നവകേരള സദസ്സ്

2445 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിന് എത്ര രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആയതിന് ഏതെല്ലാം വിധത്തിലാണ് സർക്കാർ പണം സമാഹരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്പോൺസർഷിപ്പ് മുഖേനയും മറ്റുമായി എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ എത്ര പദ്ധതിക്കൾക്കാണ് അംഗീകാരം നൽകിയത്; വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കിഫ്ബിയുടെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് പദ്ധതികൾ

2446 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ എത്ര പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഓരോ പ്രോജക്ടിലും ഭരണാനുമതി ലഭിച്ച തുക, അനുവദിച്ചു നൽകിയ തുക, ചെലവഴിച്ച തുക എത്രയാണ്; എത്ര പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി തുടരുന്നുണ്ട്; വിശദമാക്കാമോ;

(സി) എത്ര പദ്ധതികൾ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്; പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം എന്താണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## കിഫ്ബിയുടെ പട്ടികജാതി ക്ഷേമ വകുപ്പ് പദ്ധതികൾ

2447 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പിൽ എത്ര പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഓരോ പ്രോജക്ടിലും ഭരണാനുമതി ലഭിച്ച തുക, അനുവദിച്ച നൽകിയ തുക, ചെലവഴിച്ച തുക എത്രയാണ്; എത്ര പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി തുടരുന്നുണ്ട്; വിശദമാക്കാമോ;

(സി) എത്ര പദ്ധതികൾ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്; പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം എന്താണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## മത്സ്യബന്ധന വകുപ്പിലെ കിഫ്ബി പദ്ധതികൾ

2448 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ മത്സ്യബന്ധന വകുപ്പിൽ എത്ര പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ബി) ഓരോ പ്രോജക്ടിലും ഭരണാനുമതി ലഭിച്ച തുക, അനുവദിച്ച നൽകിയ തുക, ചെലവഴിച്ച തുക എത്രയാണ്; എത്ര പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി തുടരുന്നുണ്ട്; വിശദമാക്കാമോ;

(സി) എത്ര പദ്ധതികൾ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്; പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം എന്താണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ കിഫ്ബി പദ്ധതികൾ

2449 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ എത്ര പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഓരോ പ്രോജക്ടിലും ഭരണാനുമതി ലഭിച്ച തുക, അനുവദിച്ച നൽകിയ തുക, ചെലവഴിച്ച തുക എത്രയാണ്; എത്ര പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി തുടരുന്നുണ്ട്; വിശദമാക്കാമോ;

(സി) എത്ര പദ്ധതികൾ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്; പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം എന്താണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ നൽകുമോ?

## കിഫ്ബിയുടെ വായ്പകൾ

2450 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ എത്ര രൂപയുടെ വായ്പ എടുത്തിട്ടുണ്ട്; ഏതൊക്കെ ഏജൻസികളിൽ നിന്നാണ് വായ്പ സ്വീകരിച്ചിട്ടുള്ളത്; ഓരോ വായ്പയുടെയും പലിശ നിരക്കും വായ്പ മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

## കിഫ്ബിയുടെ വരുമാനവും വായ്പകളും

2451 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആരംഭിച്ചതിനുശേഷം നാളിതുവരെ ഓരോ വർഷവും പെട്രോളിയം, മോട്ടോർ വാഹന സെസ് ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ; മറ്റിനത്തിൽ കിഫ്ബിക്ക് ലഭിച്ച വരുമാനം എത്ര; വർഷം തിരിച്ചും ഇനം തിരിച്ചുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വിവിധ വായ്പകൾ, ബോണ്ടുകൾ എന്നിവ വഴി കിഫ്ബി എത്ര രൂപ സ്വരൂപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയെന്നും ഓരോന്നിന്റെയും തിരിച്ചടവ് എന്ന് ആരംഭിക്കുമെന്നും തിരിച്ചടവ് അവസാനിക്കുന്നത് എന്നാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കിഫ്ബി നാളിതുവരെ ഭരണാനുമതി നൽകിയവയിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര തുക കിഫ്ബിയിൽ നിന്നും നാളിതുവരെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് നൽകിയിട്ടുണ്ടെന്നും ഇനിയെത്ര തുക നൽകാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## കിഫ്ബിയുടെ പ്രവർത്തനം

2452 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന എത്ര പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഓരോ പ്രോജക്ടിലും ഭരണാനുമതി ലഭിച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എത്രയാണ്; എത്ര പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികളുടെ പ്രവൃത്തി തുടരുന്നുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്; ഇപ്രകാരം പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം എന്താണ്; മേൽപ്പറഞ്ഞ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2453 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്‌ബിയുടെ ധനകാര്യ അംഗീകാരം ലഭ്യമാകാത്തതോ ഇതുവരെ ആരംഭിക്കാത്തതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തികൾ**

2454 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്‌ബി ധനസഹായത്തോടെ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

**കൊട്ടുവായൂർ ബൈപാസ് കിഫ്‌ബി റോഡ് നിർമ്മാണം**

2455 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്‌ബിയിൽ ഉൾപ്പെടുത്തിയ നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ ബൈപാസ് റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**കരമന-വെള്ളറട റോഡ് നിർമ്മാണം**

2456 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കരമന-വെള്ളറട റോഡ് നിർമ്മാണ പദ്ധതി കിഫ്‌ബി വഴി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ നൽകാമോ?

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ പദ്ധതി**

2457 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്‌ബി മുഖേന 57.69 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാംഘട്ട പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദീകരിക്കാമോ?

**വണ്ടൂർ മണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തികൾ**

2458 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ കിഫ്‌ബി മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

2459 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക, നിർമ്മാണം പൂർത്തിയായവ, ഇനിയും പൂർത്തീകരിക്കാനുള്ളവ എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**കയ്പമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

2460 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ 2016-17 മുതൽ കയ്പമംഗലം മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ,പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ അനുവദിക്കപ്പെടാത്ത പ്രവൃത്തികൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**ഹരിപ്പാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

2461 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രവൃത്തികൾക്ക് എന്നാണ് കിഫ്ബിയുടെ അനുമതി ലഭിച്ചതെന്നും എന്നാണ് നിർവ്വഹണം ആരംഭിച്ചതെന്നും അറിയിക്കാമോ;

(സി) കിറ്റ്കോ മുഖേന ക്രമീകരിച്ചിട്ടുള്ള മംഗലം ജി.എച്ച്.എസ്സ്.എസ്സ്-ന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം അറിയിക്കാമോ; ഇക്കാര്യത്തിൽ കിറ്റ്കോയുടെ ഭാഗത്ത് നിന്നും ബോധപൂർവ്വമായ വീഴ്ച്ച സംഭവിച്ചിട്ടുണ്ടോയെന്നും എന്ത് തുടർനടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

**കല്ലൂരിക്കടവ് പാലം നിർമ്മാണം**

2462 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായ കല്ലൂരിക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഡിസൈൻ വിംഗ് അന്തിമ ഡി.പി ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

**<u>പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം</u>**

2463 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

2464 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇനി ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നുണ്ടെന്ന് വിശദമാക്കാമോ?

**<u>ചിറ്റൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

2465 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും ഇനിയും ആരംഭിക്കാത്തതുമായ റോഡ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളോരോന്നും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2466 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപ അനുവദിച്ചെന്നും വ്യക്തമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>മുതലമട മാംഗോ ഹബ്ബ്</u>**

2467 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മുതലമട മാംഗോ ഹബ്ബിന്റെ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിക്കായി എത്ര തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2468 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയും നിലവിൽ നിർവ്വഹണത്തിന്റെ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2469 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിന്നും നിലവിൽ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കിഫ്ബി മുമ്പാകെ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയതിൽ എത്ര പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദീകരിക്കാമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖേന മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2470 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) കണ്ണൂർ വനിതാ കോളേജിൽ കിഫ്ബി നടത്തുന്ന പ്രവൃത്തിയുടെ സ്ഥിതിവിവരം ലഭ്യമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

2471 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവൺമെൻറ് യു. പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## <u>ജി.എസ്.ടി. രജിസ്ട്രേഷൻ</u>

2472 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ ഓരോ വർഷവും സംസ്ഥാനത്ത് ജി.എസ്.ടി. യിൽ എത്ര പുതിയ രജിസ്ട്രേഷൻ എടുത്തുവെന്ന് വർഷം, ഇനം (ചരക്ക്, സേവനം) എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

## <u>ജി.എസ്.ടി. വളർച്ച</u>

2473 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 മുതൽ നാളിതുവരെ ഓരോ വർഷവും ജി.എസ്.ടി. വളർച്ച എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>സ്വർണ്ണത്തിന്റെ ചരക്ക് നീക്കത്തിന് ഇ-വേ ബിൽ</u>

2474 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരി 1 മുതൽ 10 ലക്ഷമോ അതിന് മുകളിലോ മൂല്യമുള്ള സ്വർണ്ണത്തിന്റെയും മറ്റ് വിലയേറിയ രത്നങ്ങളുടെയും (എച്ച്.എസ്.എൻ ചാപ്റ്റർ 71) സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കം സപ്ലൈയ്ക്കായാലും സപ്ലൈ അല്ലാത്ത കാര്യങ്ങൾക്കായാലും (എക്സിബിഷൻ, ജോബ് വർക്ക്, ഹാൾമാർക്കിംഗ് തുടങ്ങിയവ) രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തിയിൽ നിന്ന് വാങ്ങുന്ന സന്ദർഭത്തിലായാലും രജിസ്ട്രേഷനുള്ള വ്യക്തി അല്ലെങ്കിൽ സ്ഥാപനമാണ് പ്രസ്തുത ചരക്ക് നീക്കം നടത്തുന്നതെങ്കിൽ 2025 ജനുവരി 01 മുതൽ ചരക്ക് നീക്കം നടത്തുന്നതിന് മുൻപ് ഇ-വേ ബില്ലിന്റെ പാർട്ട്-എ ജനറേറ്റ് ചെയ്യേണ്ടതാണോ; വിശദമാക്കാമോ?

## <u>ജി.എസ്.ടി. ഓഡിറ്റ് വിങ്ങിന് കാട്ടാക്കടയിൽ ഡിവിഷൻ ഓഫീസ്</u>

2475 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വിങ്ങിന് കാട്ടാക്കട താലൂക്കിൽ അനുവദിച്ച ഡിവിഷൻ ഓഫീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) താലൂക്കടിസ്ഥാനമായി കാട്ടാക്കടയിൽ ഓഡിറ്റ് വിങ്ങിന് പ്രധാന ഓഫീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ മസ്റ്ററിംഗ്

2476 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചതിനുശേഷം വിരമിക്കുന്നവർക്ക് മസ്റ്ററിംഗിനോടൊപ്പം നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## വിദേശരാജ്യങ്ങളിലിരിക്കുന്ന പെൻഷൻകാരുടെ മസ്റ്ററിംഗ്

2477 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലികമായി വിദേശരാജ്യങ്ങളിലുള്ള സർവ്വീസ് പെൻഷൻകാർക്ക് മസ്റ്ററിംഗ് ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) ഗസറ്റഡ് ഉദ്യോഗസ്ഥർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മസ്റ്ററിംഗ് നടത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വിശദമാക്കുമോ?

## ലോട്ടറിയുടെ സമ്മാന ഘടനയിൽ മാറ്റം

2478 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറിയുടെ സമ്മാന ഘടനയിൽ മാറ്റം വരുത്തുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) മാറ്റം വരുത്തുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സമ്മാന ഘടനയിലെ മാറ്റത്തിലൂടെ ലോട്ടറി ഏജന്റുമാർക്ക് എന്തെല്ലാം ഗുണഫലങ്ങളുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.എഫ്.ഇ. സ്ഥാപനങ്ങൾ

2479 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കോവിഡ് ആരംഭിക്കുന്നതിന് മുൻപ് വരെയുള്ള കാലയളവിൽ ചിട്ടി രജിസ്ട്രേഷൻ നടപടികളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും

പോലീസും കണ്ടെത്തിയ ക്രമക്കേടുകളിൽ പിഴചുമത്തപ്പെട്ട കെ.എസ്.എഫ്.ഇ. സ്ഥാപനങ്ങൾ ഏതെല്ലാം; ചുമത്തപ്പെട്ട പിഴകളിലും മറ്റു ശിക്ഷാ നടപടികളിലും നിന്ന് പ്രസ്തുത സ്ഥാപനങ്ങളിൽ ഏതിനെയെങ്കിലും ഒഴിവാക്കുകയോ ഇളവുകൾ എന്തെങ്കിലും അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അപ്രകാരം ഇളവുകളും ഒഴിവാക്കലുകളും അനുവദിച്ച് ഉത്തരവുകൾ നൽകിയത് ആരെന്നും ഇളവിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും; പ്രസ്തുത കാലയളവിൽ പിഴയായി എത്ര തുക കെ. എസ്.എഫ്. ഇ യ്ക്ക് ചുമത്തിയെന്നും ഇതിൽ എത്ര തുക കെ.എസ്.എഫ്.ഇ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) കെ. എസ്.എഫ്.ഇ യ്ക്ക് ബാലൻസ് ഷീറ്റുകൾ യഥാസമയം ഓഡിറ്റ് ചെയ്തു നൽകുന്നതിനോ ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് രസീത് മടക്കി നൽകുന്നതിനോ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് തടസ്സം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ തിരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം രജിസ്റ്റർ ഓഫീസുകൾക്ക് നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതിന് കെ. എസ്.എഫ്.ഇ. യ്ക്ക് രജിസ്റ്റർ ഓഫീസിൽ മുൻഗണന നൽകുന്നതിനും മിനിട്സ് ഫയലിംഗ് ഉൾപ്പെടെയുള്ള നടപടികൾ ഓൺലൈൻ ആക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;

(ഇ) കെ.എസ്.എഫ്.ഇ. എത്ര രൂപ വീതം ഏതെല്ലാം ബാങ്കുകളിൽ നിന്ന് എതെല്ലാം തീയതികളിൽ വായ്പ എടുത്തിട്ടുണ്ടെന്നും എത്ര ശതമാനം പലിശ നിരക്കിൽ എന്താവശ്യങ്ങൾക്കായിട്ടാണ് വായ്പ എടുത്തതെന്നും വ്യക്തമാക്കുമോ;

(എഫ്) കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വായ്പയായി കെ.എസ്.എഫ്.ഇ 03.03.2018 ൽ നല്കിയ 7.5 കോടി രൂപയും അതിന്റെ പലിശയിനത്തിലുമായി എത്ര രൂപ തിരിച്ചു ലഭിക്കാനുണ്ടെന്നും ഇതിൽ എത്ര രൂപ തിരിച്ച് ലഭിച്ചുവെന്നും അറിയിക്കുമോ; വായ്പയും കുടിശ്ശികയും തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ജി) കെ.എസ്.എഫ്.ഇ. എത്ര രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്; ഇതിന് എത്ര ശതമാനം വരെയാണ് പലിശ നിരക്ക്; അറിയിക്കുമോ?

## മെഡിസെപ്പ് പദ്ധതിയിലെ അപാകത

2480 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് മുഖേനയുള്ള ചികിത്സക്ക് സ്വകാര്യ ആശുപത്രികൾ വിമുഖത കാണിക്കുന്നത് സംബന്ധിച്ച പരാതികൾ ഉയർന്ന് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് മെഡിസെപ്പിനായി ഇൻഷുറൻസ് കമ്പനിക്ക് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കി നൽകിയത്; അതിൽ എത്ര കോടി രൂപയുടെ ചികിത്സ ധനസഹായം തിരികെ ലഭിച്ചുവെന്ന് സർക്കാർ/സ്വകാര്യ ആശുപത്രികൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ/കോർപ്പറേറ്റ് കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾക്ക് സമാനമായി ജീവനക്കാർക്കും/ പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും ഗുണകരമാകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) മിക്ക രോഗങ്ങളുടെയും ചികിത്സയിൽ നിന്ന് സ്വകാര്യ ആശുപത്രികൾ പിന്മാറിയത് കാരണം മെഡിസെപ്പിന് തുക അടക്കുന്നതിനോടോപ്പം സ്വകാര്യ ഇൻഷ്വറൻസും എടുക്കാൻ ജീവനക്കാരെയും പെൻഷൻകാരെയും നിർബന്ധിതരാകുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## മെഡിസെപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ

2481 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പിൽ അംഗങ്ങളായിട്ടുള്ള എല്ലാവർക്കും പ്രസ്തുത പദ്ധതി മുഖേനയുള്ള ചികിത്സയോ റീ-ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങളോ ഉറപ്പ് വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കെ.എഫ്.സി. റിലയൻസിൽ നടത്തിയ നിക്ഷേപം

2482 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2018-ൽ റിലയൻസ് കമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് കമ്പനിയിൽ നിക്ഷേപം നടത്തിയതിന്റെ സാഹചര്യം വിശദമാക്കുമോ;

(ബി) റിലയൻസ് കമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് കമ്പനി എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കുമോ;

(സി) കെ.എഫ്.സി.ക്ക് പലിശ ഉൾപ്പെടെ 101 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടായതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) കെ.എഫ്.സി. യുടെ നിക്ഷേപ തുക തിരിച്ചു ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## സെറ്റിൽമെന്റ് നിയമം

2483 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവേയ്ക്ക് ശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് വിസ്തീർണ്ണം കൂടിയെന്ന് കണ്ടെത്തിയാൽ അധികഭൂമി പതിച്ചു നൽകുന്നതിനുള്ള സെറ്റിൽമെന്റ് നിയമത്തിന്റെ കരട് റവന്യൂ വകുപ്പ് നിയമ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ

പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച് നിയമ വകുപ്പ് സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ നിയമത്തിന്റെ കരട് റവന്യൂ വകുപ്പ് നിയമ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച് നിയമ വകുപ്പ് സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

## ഇൻവെസ്റ്റ് കേരള നിക്ഷേപക ഉച്ചകോടി

2484 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ് കേരള നിക്ഷേപക ഉച്ചകോടി നടത്തിപ്പിന് സംസ്ഥാന സർക്കാർ എത്ര രൂപ ചെലഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉച്ചകോടിയിൽ എത്ര വിദേശ കമ്പനികൾ പങ്കെടുത്തുവെന്നും ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത നിക്ഷേപക ഉച്ചകോടി സംഘടിപ്പിച്ചതിലൂടെ കേരളത്തിലെ വാണിജ്യ, വ്യവസായ, സംരംഭക മേഖലയിൽ ഉണ്ടായ നേട്ടങ്ങളും പ്രതീക്ഷകളും എന്താണെന്ന് വിശദമാക്കാമോ?

## കിനാലൂർ കെ.എസ്.ഐ.ഡി.സി. യിൽ ഇന്റേണൽ റോഡ് നിർമ്മാണം

2485 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂർ കെ.എസ്.ഐ.ഡി.സി. യിൽ ഇന്റേണൽ റോഡ് നിർമ്മാണത്തിനായി നിലവിൽ പണം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി ഗവ. കോളേജിനടുത്തുടെ കടന്നു പോവുന്ന കെ.എസ്.ഐ.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത റോഡ് നവീകരണ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സമഗ്ര പുന:സംഘടന

2486 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സമഗ്ര പുന:സംഘടനാ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടുണ്ടെങ്കിൽ നിർദ്ദേശങ്ങൾ അംഗീകാരത്തിനായി പരിഗണിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

2487 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തെ ഓരോ പൊതുമേഖലാ സ്ഥാപനവും നേടിയ ലാഭം/നഷ്ടം എത്ര വീതമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എത്ര പൊതുമേലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ട്; നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഏതെങ്കിലും സ്ഥാപനം പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ ആസ്തി വിറ്റഴിച്ചതിലൂടെ തുക സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എന്തെല്ലാം ആസ്തി വിറ്റഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവും നഷ്ടവും

2488 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഏതെല്ലാമെന്ന് വിശദമാക്കാമോ; നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടം ഓരോ സാമ്പത്തിക വർഷത്തിലും എത്രയാണെന്നതിന്റെ വിശദാംശം നല്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനവും 2021 -22 മുതൽ 2024- 25 വരെ സർക്കാരിനും റിയാബിനും സമർപ്പിച്ച കണക്കുകൾ പ്രകാരം ഓരോ വർഷത്തിലെയും പ്രവർത്തന ലാഭവും നഷ്ടവും എത്രയെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തിയായതിന് ശേഷമുള്ള പ്രവർത്തന ലാഭവും നഷ്ടവും എത്രയെന്നും വിശദമാക്കാമോ?

## കെ.എം.എം.എൽ ലിമിറ്റഡിലെ വേസ്റ്റ് മണ്ണ്

2489 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ ലിമിറ്റഡിലെ മിനറൽ സെപ്പറേഷൻ യൂണിറ്റിൽനിന്നും ഉല്പാദന ശേഷമുള്ള വേസ്റ്റ് മണ്ണ് പ്രദേശ വാസികൾക്കും പ്രദേശത്തെ സ്ഥാപനങ്ങൾക്കും സൗജന്യമായി നൽകുന്നുണ്ടോ; ഇതിന് കമ്പനി ഡയറക്ടർ ബോർഡിന്റെ അനുമതി ഉണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഏത് പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിൽ വേസ്റ്റ് മണ്ണ് നൽകുന്നതിനാണ് അനുമതി ഉള്ളത് എന്ന് അറിയിക്കുമോ ;

(ബി) ടി പ്രദേശങ്ങളിൽ അല്ലാതെ മണ്ണ് വിതരണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; അന്വേഷണത്തിന് ആരെയാണ്

ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ; അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കുമോ;

(ഡി) ജിയോളജി വകുപ്പ് മണ്ണ് വിതരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നടപടികൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**2011-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

2490 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2016 മുതൽ ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പൂട്ടിക്കിടന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ 2016-ന് ശേഷം തുറന്ന് പ്രവർത്തിച്ചുവരുന്നുണ്ട്; ഇവയുടെ വിശദാംശം ലഭ്യമാക്കാമോ?

**അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

2491 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം സർക്കാർ നിയന്ത്രണത്തിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

**സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ ഇന്റേൺസ്**

2492 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ ഇന്റേൺസിനെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ എപ്രകാരമാണ് നിയമിച്ചതെന്നും നിയമന മാനദണ്ഡം എന്താണെന്നും അറിയിക്കുമോ;

(സി) ഇത്തരത്തിൽ ഇന്റേൺസിനെ നിയോഗിച്ച് തിട്ടപ്പെടുത്തുന്ന കണക്കിന്റെ ആധികാരികത വ്യക്തമാക്കാമോ?

**വ്യവസായ മേഖലയുടെ സംഭാവന**

2493 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെയും , പ്രവർത്തനം നിലച്ചതോ പൂട്ടി പോയതോ ആയ വ്യവസായ സംരംഭങ്ങളുടെയും എണ്ണം വർഷവും , ജില്ലയും തിരിച്ച് ലഭ്യമാക്കാമോ ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും നൂറുകോടിയിലധികം മുതൽമുടക്കിൽ സ്വകാര്യ മേഖലയിൽ ആരംഭിച്ചിട്ടുള്ള വ്യവസായ സംരംഭങ്ങൾ എത്ര; അവ ഏതെല്ലാം; ഇതിൽ പ്രവർത്തനം നിലച്ചതോ പൂട്ടി പോയതോ ആയ സംരംഭങ്ങൾ എത്ര; അവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ സംരംഭങ്ങൾ എത്ര; അതിൽ വൻകിട വ്യവസായങ്ങൾ എത്ര; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2016 ന് ശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള ആഗോള നിക്ഷേപക സംഗമങ്ങൾ ഏതെല്ലാം; ഓരോന്നിലും എത്ര രൂപയുടെ വിദേശനിക്ഷേപം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്; എത്ര വിദേശ കമ്പനികളുമായിട്ടാണ് ധാരണാപത്രം ഒപ്പുവച്ചത്; അതിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്രയെണ്ണം പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിലവിലെ സർക്കാരിന്റെ കാലത്ത് വ്യവസായ മേഖലയിൽ നിന്ന് ഓരോ വർഷവും ലഭിച്ച വരുമാനം എത്ര; സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ എത്ര ശതമാനം വ്യവസായ മേഖലയ്ക്ക് സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## വ്യാവസായിക വളർച്ച

2494 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച എത്രയായിരുന്നുവെന്ന് വർഷം, മേഖല (പ്രാഥമിക, ദ്വിതീയ, തൃതീയ) എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2017 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച - ജി.എസ്.ഡി.പി വളർച്ച അനുപാതം എത്രയായിരുന്നു എന്ന് വർഷം, മേഖല എന്നിവ തിരിച്ച് (പ്രാഥമിക, ദ്വിതീയ, തൃതീയ) വ്യക്തമാക്കാമോ?

## ചാലക്കുടി നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2495 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും അതിനായുള്ള സർക്കാർ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## സ്റ്റാർട്ടപ്പ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

2496 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ സമീപനത്തിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് മേഖലയിൽ വളർച്ച കൈവരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വ്യവസായ സംരംഭങ്ങൾ

2497 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് എന്തെല്ലം സാങ്കേതിക-സാമ്പത്തിക സൗകര്യങ്ങളാണ് വ്യവസായ വകുപ്പ് ചെയ്തു കൊടുക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്നും ഇനിയും എത്ര സംരംഭങ്ങൾ 2025-26 സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കാമോ?

## സുൽത്താൻ ബത്തേരി മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2498 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരി മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും അതിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും പഞ്ചായത്ത് തിരിച്ചു വ്യക്തമാക്കുമോ?

## വ്യവസായരംഗത്ത് ഉണ്ടായ വികസനം

2499 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16, 2016-21 വർഷങ്ങളിൽ പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങളാണ് ആരംഭിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായരംഗത്ത് ഉണ്ടായ വികസനം സംബന്ധിച്ച് വിശദമാക്കാമോ;

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര ശതമാനത്തിന്റെ വർദ്ധനവുണ്ടായെന്ന് വ്യക്തമാക്കാമോ?

## വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

2500 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ രംഗത്ത് നിക്ഷേപ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കിയ സംരംഭക വർഷം പദ്ധതിയുടെ വിവിധ പതിപ്പുകളിലൂടെ സംസ്ഥാനത്തുണ്ടായ പ്രധാനപ്പെട്ട നേട്ടങ്ങൾ വിവരിക്കാമോ; ഇതിന് ആധാരമായി ഈ രംഗത്തു നടത്തിയ പരിഷ്കരണ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

**പാലക്കാട് നിയോജക മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി**

2501 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പാലക്കാട് നിയോജക മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും അതിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

**വ്യവസായ മേഖലയ്ക്കുവേണ്ടി കേന്ദ്ര ഫണ്ട് നേടുന്നതിനുള്ള നടപടികൾ**

2502 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 സർക്കാരിന്റെയും ഈ സർക്കാരിന്റെയും ഒൻപത് വർഷക്കാലയളവിൽ വ്യവസായ മേഖലയ്ക്കുവേണ്ടി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ജാഗ്രതയില്ലായ്മ കേന്ദ്ര നിക്ഷേപം ലഭിക്കുന്നതിനും നിലവിലെ വ്യവസായങ്ങളെ പ്രതിസന്ധിയില്ലാതെ സംരക്ഷിക്കുന്നതിനും സാധിക്കാത്ത സ്ഥിതിയിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുമേഖലയോടുള്ള ആഭിമുഖ്യക്കുറവും സ്വകാര്യ കോർപ്പറേറ്റ് മേഖലയോടുള്ള മൃദുസമീപനവും കാരണം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ മോശമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾ**

2503 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ സ്റ്റാർട്ടപ്പുകളുടെ എണ്ണം എത്രയാണെന്നും എത്ര തൊഴിലവസരങ്ങളാണ് സ്റ്റാർട്ടപ്പുകളിലൂടെ ഇതുവരെ സൃഷ്ടിച്ചതെന്നും വ്യക്തമാക്കാമോ?

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡ് നവീകരണം**

2504 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകളുടെ നവീകരണത്തിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ?

**വ്യവസായ രംഗത്ത് വന്ന മുന്നേറ്റം**

2505 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ രംഗത്ത് ഏതെല്ലാം തരത്തിലുള്ള മുന്നേറ്റമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ?

**നവീന വ്യവസായങ്ങൾക്കുള്ള സാധ്യത**

2506 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീന വ്യവസായങ്ങൾക്ക് സംസ്ഥാനത്തുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; സർക്കാർ നടപ്പിലാക്കിവരുന്ന വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ ഈ വ്യവസായങ്ങളുടെ വളർച്ചക്ക് ഗുണകരമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 'ഉത്തരവാദ വ്യവസായം ഉത്തരവാദ നിക്ഷേപം' എന്ന നയത്തിലൂന്നി സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിഷയാവതരണം നടത്തുന്നതിന് മസൂറിയിലെ ഐ.എ.എസ്. അക്കാദമിയിൽ നിന്നും സംസ്ഥാനത്തിന് ക്ഷണം കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷനിൽ സംസ്ഥാനത്തിന്റെ നിക്ഷേപ പദ്ധതികൾ അവതരിപ്പിക്കുന്നതിന് അവസരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**വ്യാവസായിക നിക്ഷേപ സമാഹരണ രംഗത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ**

2507 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക നിക്ഷേപ സമാഹരണ രംഗത്ത് സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിൽ ഒരു സുപ്രധാന നാഴികക്കല്ലായി മാറുവാൻ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം

2508 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം പ്രകാരം എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്; അനുമതി ലഭ്യമായ പാർക്കുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്; ടി പദ്ധതിക്ക് സർക്കാർ എന്തെങ്കിലും സബ്സിഡി നൽകി വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പാലാ നിയോജകമണ്ഡലത്തിൽ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

2509 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള നഷ്ടപരിഹാര തുക അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സംരംഭക വർഷം പദ്ധതി

2510 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് ഏത് പോർട്ടൽ വഴിയാണെന്ന് വ്യക്തമാക്കാമോ; സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തികവർഷവും എത്ര സംരംഭങ്ങൾ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തുവെന്ന കണക്കുകൾ തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ സാമ്പത്തികവർഷവും എത്ര പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ രജിസ്റ്റർ ചെയ്തുവെന്നും ,മറ്റു പോർട്ടലുകളിൽ നിന്നും മൈഗ്രേറ്റ് ചെയ്തുവെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) 2022 ജനുവരിക്ക് മുൻപ് ആരംഭിച്ച എത്ര സംരംഭങ്ങൾ പ്രസ്തുത പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ; 2022 ജനുവരിക്ക് ശേഷം ആരംഭിച്ച എത്ര സംരംഭങ്ങൾ പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തു എന്ന വിവരം കൂടി ലഭ്യമാക്കാമോ?

**സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ**

2511 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷക്കാലമായി ആരംഭിച്ച ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ (സ്വകാര്യ മേഖല ഉൾപ്പെടെ ) ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സംരംഭങ്ങൾക്ക് നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും ഏന്തെല്ലാമാണെന്ന് ജില്ലയും സംരംഭങ്ങളും തിരിച്ച് വ്യക്തമാക്കാമോ;

(സി) തുടങ്ങിയ സംരംഭങ്ങളിൽ മുടങ്ങിപ്പോയവ ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ സംരംഭങ്ങൾക്ക് മൊത്തമായി ചെലവഴിച്ച തുക എത്രയാണെന്നും അതിൽ സർക്കാരിന്റെ വിഹിതം എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ സംരംഭങ്ങൾ**

2512 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021-ലെ സർക്കാർ അധികാരത്തിലേറിയശേഷം കഞ്ചിക്കോട് വ്യവസായ മേഖലയിൽ എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) 2011-2016-ലെ സർക്കാരിന്റെ കാലത്ത് കഞ്ചിക്കോട് വ്യവസായ മേഖലയിൽ ആരംഭിച്ച എത്ര വ്യവസായ സംരംഭങ്ങൾ ഇപ്പോൾ നിലവിലില്ലെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വ്യവസായ മേഖലയിൽ 2017 മുതൽ വ്യവസായങ്ങൾ അടച്ചുപൂട്ടിയത് മൂലം എത്ര പേർക്ക് തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ?

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

2513 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബം ഒരു സംരംഭം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും ആർക്കൊക്കെയാണെന്നും അറിയിക്കുമോ?

## പുതിയ വ്യവസായ സംരംഭങ്ങൾ

2514 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷക്കാലം ബജറ്റിൽ പ്രഖ്യാപിച്ച പുതിയ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംരംഭങ്ങൾക്ക് വകയിരുത്തിയ തുക എത്രയാണെന്ന് പദ്ധതിയും ജില്ലയും തിരിച്ചും വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പാക്കാൻ ബാക്കിയുള്ളവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സംരംഭക വർഷം പദ്ധതി

2515 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച സംരംഭങ്ങൾ വഴി എത്ര കോടി രൂപയുടെ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ ആരംഭിക്കാനും അതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഇൻസിനറേറ്ററുകൾ തദ്ദേശീയമായി നിർമ്മിക്കുന്നതിന് വ്യവസായവകുപ്പിന്റെ പദ്ധതി

2516 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന നഗര മാലിന്യങ്ങൾ ശേഖരിച്ച് ഉറവിട മാലിന്യ സംസ്കരണം നടത്തുന്നതിന് വേണ്ടിയുള്ള ചെറിയ പ്ലാന്റുകളും മറ്റുപകരണങ്ങളും വ്യാവസായികമായി നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതികൾ വ്യവസായ വകുപ്പ് തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഖരമാലിന്യങ്ങളും ,ആശുപത്രി മാലിന്യങ്ങളും അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മറ്റു രാജ്യങ്ങളിലെ മാതൃകകൾ പരിശോധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് നിലവാരമുള്ള ഇൻസിനറേറ്ററുകൾ തദ്ദേശീയമായ രീതിയിൽ നിർമ്മിച്ചെടുക്കാൻ വ്യവസായവകുപ്പ് മുൻകൈയെടുക്കുമോ; വിശദമാക്കാമോ;

(സി) ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനം നടത്തി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമക്കാമോ?

## സംസ്ഥാനത്ത്പുതിയ സംരംഭകരുടെ എണ്ണം

2517 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭകളുടെ എണ്ണം എങ്ങനെയാണ് കണക്കാക്കിയിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംരംഭക വർഷം പദ്ധതി ആരംഭിച്ചതിന് ശേഷം സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭകളുടെ എണ്ണം എങ്ങനെയാണ് കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## <u>സംരംഭക വർഷം</u>

2518 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 4% പലിശയ്ക്ക് 10 ലക്ഷം രൂപ വായ്പ നൽകുന്ന പദ്ധതി മുഖേന ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും എത്ര സംരംഭങ്ങൾക്ക് എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ട് വിശദാംശം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

## <u>കേരള റൈസ് ലിമിറ്റഡ് കമ്പനി - റൈസ് പാർക്ക്</u>

2519 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റൈസ് ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ പ്രവൃത്തികൾക്കായി നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കേരള റൈസ് പാർക്കുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും റൈസ് പാർക്കിന്റെ പ്രവർത്തനം പാലക്കാട് എന്നു തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

## <u>കാട്ടാക്കട നിയോജകമണ്ഡലത്തിലെ സംരംഭങ്ങൾ</u>

2520 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23-ൽ കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത സംരംഭങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>ഇരിക്കൂർ നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി</u>

2521 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## വെറ്റിലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ

2522 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്റിലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) തിരൂരിൽ വെറ്റിലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചതിന് ശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

2523 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

## കോട്ടയം ജില്ല സംരംഭക വർഷം പദ്ധതി

2524 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയിലൂടെ കോട്ടയം ജില്ലയിൽ എത്ര സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കാൻ കഴിഞ്ഞ വ്യവസായ സംരംഭങ്ങൾ

2525 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കാൻ കഴിഞ്ഞ വ്യവസായ സംരംഭങ്ങൾ എത്രയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

## ആലുവ നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2526 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആലുവ നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## കോട്ടയം നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2527 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## പേരാവൂർ നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2528 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പേരാവൂർ നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

2529 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് മുഖേന എത്ര രൂപയുടെ നിക്ഷേപമാണ് സംസ്ഥാനം പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

## കൽപ്പറ്റ നിയോജകമണ്ഡലം സംരംഭക വർഷം പദ്ധതി

2530 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## എറണാകുളം നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2531 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എറണാകുളം നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## എം എസ് എം ഇ നിർവചനത്തിലെ മാറ്റം

2532 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ കേന്ദ്ര സർക്കാർ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുത്തിയ മാറ്റത്തിനു ശേഷം സംസ്ഥാനത്തെ എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ നൽകുന്ന സേവനങ്ങൾ വ്യവസായ വകുപ്പിന്റെ ലിസ്റ്റിൽ സേവനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവയുടെ പേരും, വിലാസവും, സ്ഥലവും ആരംഭിച്ച തീയതി അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ സ്റ്റാർട്ടപ്പുകൾ

2533 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളിൽ പാലക്കാട് ജില്ലയിൽ എത്ര സ്റ്റാർട്ടപ്പുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിനു ശേഷം ഉൾപ്പെടുത്തിയ വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക

2534 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിനു ശേഷം ഓരോ വർഷവും ചെറുകിട മൊത്ത വ്യാപാര സ്ഥാപനങ്ങളിൽ എം.എസ്.എം.ഇ. ആയി ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് നൽകാമോ?

## ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെൻറ്സ് സംബന്ധിച്ച വിവരം

2535 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ കേന്ദ്ര സർക്കാർ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുത്തിയ മാറ്റത്തിനു ശേഷം എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ വ്യവസായ വകുപ്പിന്റെ ലിസ്റ്റിൽ ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെൻറ്സ് ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ പേരും , വിലാസവും, സ്ഥലവും ആരംഭിച്ച തീയതിയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റം

2536 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്നു വർഷം കൊണ്ട് 3 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചു എന്ന വാദത്തെ 2021-ലെ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റം എത്തരത്തിലാണ് സ്വാധീനിച്ചതെന്ന് വ്യക്തമാക്കാമോ?

## എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിനു ശേഷം ഉൾപ്പെടുത്തിയ കൃഷി അനുബന്ധ വ്യാപാര സ്ഥാപനങ്ങൾ

2537 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിന് ശേഷം സംസ്ഥാനത്ത് എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ വ്യവസായ വകുപ്പിന്റെ പട്ടികയിൽ കൃഷി അനുബന്ധ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ പേര്, വിലാസം, സ്ഥലം, തുടങ്ങിയ തീയതി അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## എം.എസ്.എം.ഇ നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിനു ശേഷം ഉൾപ്പെടുത്തിയ വ്യാപാര സ്ഥാപനങ്ങൾ

2538 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിനു ശേഷം ഓരോ വർഷവും ചെറുകിട മൊത്ത വ്യാപാര സ്ഥാപനങ്ങളിൽ എത്രയെണ്ണം എം.എസ്.എം.ഇ. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വർഷം തിരിച്ച വിവരം നൽകാമോ; ഇതിൽ പുതുതായി തുടങ്ങിയത് എത്രയെണ്ണമാണെന്ന് വ്യക്തമാക്കാമോ?

## എം.എസ്.എം.ഇ. നിർവ്വചനത്തിന് ഉണ്ടായ മാറ്റത്തിനു ശേഷം ഉൾപ്പെടുത്തിയ ഇൻഫർമേഷൻ ടെക്നോളജി സ്ഥാപനങ്ങൾ

2539 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ കേന്ദ്ര സർക്കാർ എം.എസ് .എം. ഇ. നിർവ്വചനത്തിൽ ഉണ്ടാക്കിയ മാറ്റത്തിനു ശേഷം എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ പട്ടികയിൽ ഇൻഫോർമേഷൻ ടെക്നോളജി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ പേര്, വിലാസം, സ്ഥലം, തുടങ്ങിയ തീയതി അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ പുരോഗമനത്തിനായുള്ള നടപടികൾ

2540 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയ - അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

2541 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ?

## കളിമൺ-ഓട്ടുകമ്പനി വ്യവസായം

2542 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പ്രധാന പരമ്പരാഗത കളിമൺ-ഓട്ടുകമ്പനി വ്യവസായങ്ങൾ തകർച്ചയുടെ വക്കിലാണെന്നും ധാരാളം പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണമേഖലയിലെ ജനങ്ങൾക്ക് തൊഴിൽ നൽകിയിരുന്ന ഓട് വ്യവസായത്തിന് അസംസ്കൃത വസ്തുവായ കളിമണ്ണ് നിയമവിധേയമായി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടുന്ന മണ്ണെടുത്ത് പ്രസ്തുത വ്യവസായങ്ങൾക്ക് ലഭ്യമാക്കുന്നതിനും നിയന്ത്രണ വിധേയമായി മണ്ണ് ഖനനം ചെയ്തെടുക്കുന്നതിനും എടുത്ത് സൂക്ഷിച്ച മണ്ണ് നീക്കം ചെയ്യുന്നതിനും ഉൾപ്പടെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## നാളികേര അധിഷ്ഠിത വ്യവസായങ്ങൾ

2543 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര തരം നാളികേര അധിഷ്ഠിത വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

**ഓട്ടുവ്യവസായം നേരിടുന്ന വെല്ലുവിളികൾ**

2544 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പരമ്പരാഗതവ്യവസായമായിരുന്ന ഓട് വ്യവസായം വലിയ വെല്ലുവിളികൾ നേരിടുന്നുവെന്നതും തകർച്ചയിലാണെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിലെ ഓട്ടുവ്യവസായത്തിന് പീച്ചി, ചിമ്മിനി ഡാമുകളിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് ഉൾപ്പെടെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും ബി.ടി.ആറിൽ പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമികളിൽ നിന്ന് നിയന്ത്രിതമായ രീതിയിൽ മണ്ണെടുത്ത് ഓട്ടുവ്യവസായത്തിന് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ച നിരവധി ഓട്ടുകമ്പനികളിൽ നേരത്തെ ശേഖരിച്ചിരുന്ന മണ്ണ്, നിലവിൽ പ്രവർത്തിച്ചുവരുന്ന ഓട്ടുകമ്പനികൾക്ക് ഉപയോഗിക്കുന്നതിനായി മാറ്റുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ?

**പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കാൻ നടപടി**

2545 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി**

2546 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയ്ക്കായി എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ ഇടനാഴിയിലൂടെ ലക്ഷ്യമിടുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണം**

2547 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) റൈസ് പാർക്കിന്റെ നിർമ്മാണത്തിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കാമോ;

(സി) മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി റൈസ് പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## സ്റ്റാർട്ടപ്പുകൾ

2548 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2024 കലണ്ടർ വർഷത്തിൽ എത്ര സ്റ്റാർട്ടപ്പുകളാണ് പുതുതായി ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## പീരുമേട് മണ്ഡലം വ്യവസായ പാർക്കുകൾ

2549 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എവിടെയൊക്കെ പുതിയ വ്യവസായ പാർക്കുകൾ ആരംഭിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ പഞ്ചായത്തിൽ വള്ളക്കടവിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് വിട്ടു നൽകിയ ഭൂമി വ്യവസായ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; എത്ര ഏക്കറാണ് ഏറ്റെടുത്തത് ; വിശദമാക്കാമോ;

(ഡി) തേയില തോട്ടം മേഖല തകർന്നു പ്രതിസന്ധിയിലായ സാഹചര്യത്തിൽ വണ്ടിപ്പെരിയാറിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് വിട്ടുനൽകിയ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(ഇ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

## വ്യവസായ വകുപ്പിന്റെ അനുമതിയോടെ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ

2550 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അനുമതിയോടെ ആരംഭിച്ച് രണ്ടു വർഷങ്ങൾക്കകം പ്രവർത്തനം അവസാനിച്ച സ്റ്റാർട്ടപ്പുകൾ/ പുതിയ സംരംഭങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; ആയവ പുനരുദ്ധരിക്കാൻ ആവശ്യമായ

പിന്തുണയോ സാങ്കേതിക സഹായമോ സംരംഭകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തൊടുപുഴ മുട്ടം കിൻഫ്ര സ്പൈസസ് പാർക്ക്

2551 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടത്ത് കിൻഫ്ര സ്പൈസസ് പാർക്കിനുകീഴിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളത്;

(ബി) പ്രസ്തുത പാർക്കിൽ പ്രവർത്തനം തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത പാർക്കിനോടനുബന്ധിച്ച് സംരംഭങ്ങൾ തുടങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാനത്ത് കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ

2552 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തി നിക്ഷേപം നടത്തുവാൻ സന്നദ്ധരായിട്ടുള്ള നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ നിക്ഷേപം ആകർഷിക്കുന്നതോടൊപ്പം വ്യവസായ പാർക്കുകളുടെ പരിപാലനത്തിനും പാർക്കുകളിൽ ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിക്കുന്നതിനും സംസ്ഥാനം നടത്തുന്ന പരിശ്രമങ്ങൾക്ക് ദേശീയ പുരസ്കാരം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഈ പാർക്കിൽ ബി.പി.സി.എൽ. നിക്ഷേപ സന്നദ്ധത അറിയിച്ചിരുന്നോ; വിശദമാക്കുമോ?

## കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

2553 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വ്യവസായവകുപ്പ് മുഖേന കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളെയും ചെലവാക്കിയ

തുകയെയും സംബന്ധിച്ച് തദ്ദേശസ്ഥാപന അടിസ്ഥാനത്തിലുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരംഭങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ മുനക്കൽ ബീച്ചിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്?

**കൊല്ലം ജില്ലയിലെ സംരംഭക വർഷം പദ്ധതി**

2554 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതി പ്രകാരം 2022 മുതൽ 2025 വരെ കൊല്ലം ജില്ലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് സ്ഥാപനങ്ങളുടെ പേരുവിരവരങ്ങളടക്കം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ?

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം**

2555 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തന രഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി. ഐ. എൻ. ഡി. (ടി) 1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കുമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ പ്രവർത്തന രഹിതമായ പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ ഒഴിവാക്കി സംഘത്തിന്റെ പേരിൽ റീസർവേ 645/2-ൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം മാരായമുട്ടം പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി**

2556 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഇതിലൂടെ എത്ര രൂപയുടെ നിക്ഷേപമുണ്ടായെന്നും എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും അറിയിക്കാമോ?

## ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചിക

2557 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്ന സൂചിക ലോക ബാങ്ക് 2021 മുതൽ നിർത്തലാക്കി/സസ്പെൻഡ് ചെയ്തു എന്നത് വസ്തുതയാണോ; അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാർ പുറത്തുവിട്ട ഏറ്റവും ഒടുവിലത്തെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ റാങ്കിങ് നടപ്പിലാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ പുറത്തുവിട്ട ഏറ്റവും ഒടുവിലത്തെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ കേരളത്തിന് എത്രാമത്തെ റാങ്കിങ് ആണ് എന്ന് വ്യക്തമാക്കാമോ?

## വിഴിഞ്ഞം കോൺക്ലേവ് -2025

2558 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കോൺക്ലേവ് 2025ന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്; അറിയിക്കാമോ;

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വ്യവസായിക പുരോഗതിക്ക് സഹായിക്കുന്ന ഏതെല്ലാം പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടത്; വ്യക്തമാക്കാമോ;

(സി) പ്രാദേശിക വികസന രംഗത്ത് എന്തെല്ലാം സാധ്യതകൾ ഇതിലൂടെ ആർജിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ഭരണമികവ് സൂചികയിൽ കേരളം മുന്നിൽ എത്തിയതിൽ വ്യവസായ മേഖലയുടെ പങ്ക്

2559 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഭരണമികവ് സൂചികയിൽ കേരളം മുന്നിൽ എത്തിയതിന് വ്യവസായ മേഖലയുടെ മികവ് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ-വാണിജ്യ മേഖലയിലെ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' സൂചികയിൽ ഉയർന്ന സ്കോർ നേടി ഒന്നാം സ്ഥാനത്ത് എത്താൻ കേരളത്തിന് സാധിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

**കെ-സ്വിഫ്റ്റ് - പുതിയ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമം**

2560 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(ബി) പുതിയ സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിന്റെ അംഗീകാരം ആവശ്യമാണോ; എങ്കിൽ ഇതിനായി ഏത് പോർട്ടലിലാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) കെ-സ്വിഫ്റ്റ് പോർട്ടലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

**ഉദ്യം പോർട്ടൽ**

2561 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടൽ രജിസ്ട്രേഷനിൽ 2021 മുതൽ കേരളത്തിന്റെ എം എസ് എം ഇ രജിസ്ട്രേഷൻ എത്രയാണെന്ന് വർഷം തിരിച്ചും ഇനം തിരിച്ചും ലഭ്യമാക്കുമോ?

**സംരംഭക മേഖലയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

2562 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയിൽ സമഗ്രസംഭാവനകൾ നൽകാനുതകുന്ന തരത്തിലേക്ക് സംരംഭക മേഖലയിൽ സ്ത്രീ പ്രാതിനിധ്യം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായ വളർച്ചയുടെ നട്ടെല്ലായി സ്ത്രീകളെ മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ-വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സംരംഭക വർഷം പദ്ധതി വനിതാ സംരംഭകർക്ക് ശക്തമായ പ്രചോദനവും ആത്മവിശ്വാസവും നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംരംഭങ്ങൾ രൂപീകരിക്കാനെടുത്ത ചുരുങ്ങിയ സമയം, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യങ്ങൾ, പുതുതായി സംരംഭകത്വത്തിലേക്ക് വന്ന വനിതകളുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങളാൽ രാജ്യത്തുതന്നെ പുതുചരിത്രമായി സംരംഭക വർഷം പദ്ധതി മാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ധാരാളം സ്ത്രീകൾ കേരളത്തിലുണ്ട് എന്നതിനാൽ അവരുടെ ശേഷി കൂട്ടുതൽ വികസിപ്പിക്കുന്നതിനും വ്യവസായ-ഉത്പാദന തൊഴിൽരംഗങ്ങളിൽ അവർക്കുള്ള പങ്കാളിത്തം വിപുലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

**ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ സംരംഭക വിഷയങ്ങൾ ഉൾപ്പെടുത്താൻ നടപടി**

2563 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികളിൽ സംരഭകശീലം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതിയിൽ സംരംഭക വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് മുൻകൈ എടുക്കുമോയെന്ന് അറിയിക്കാമോ?

**ഇൻവെസ്റ്റ്മെന്റ് മീറ്റുകളുടെ പുരോഗതി**

2564 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് തദ്ദേശസ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കി സംഘടിപ്പിച്ചിട്ടുള്ള ഇൻവെസ്റ്റ്മെന്റ് മീറ്റുകളുടെ പുരോഗതി വിലയിരുത്താനും പദ്ധതികൾ നടപ്പാക്കാനും വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ആയതിന്റെ ഏകോപനത്തിനായി പ്രത്യേക സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷമായി തുടങ്ങിയ സംരംഭങ്ങൾ**

2565 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായിക വളർച്ച ഉണ്ടായെന്ന് വിലയിരുത്തുന്നത് ഏതെല്ലാം കണക്കുകളുടെ പിൻബലത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ചില്ലറ മൊത്തവ്യാപാരങ്ങളെ എം.എസ്.എം.ഇ. നിർവചനത്തിൽ ഉൾപ്പെടുത്തിയതിനാൽ കേരളത്തിൽ വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന പ്രസ്തുത സ്ഥാപനങ്ങൾ പുതിയ രജിസ്ട്രേഷൻ നടത്തിയതുമൂലം അവയെ പുതു സംരംഭങ്ങളിൽ ഉൾപ്പെടുത്തി എന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഒരോ ജില്ലയിലും കഴിഞ്ഞ മൂന്ന് വർഷം തുടങ്ങിയ പുതിയ സംരഭങ്ങളുടെ പേര് വിവരം, പ്രദേശം, ഏത് സംരംഭം, എന്ന വിവരങ്ങൾ വർഷം തിരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത സംരഭങ്ങളുടെ പേര് വിവരം ജില്ല , വർഷം തിരിച്ച് വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) 2024 ലെ ആഗോള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ റിപ്പോർട്ട് പ്രകാരം കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ വാർഷിക വളർച്ചയുടെ മൂല്യം എത്ര കോടി യു.എസ് ഡോളറാണ് കണക്കാക്കിയത്; കർണ്ണാടക, മഹാരാഷ്ട്രാ, ഡൽഹി എന്നീ സംസ്ഥാനങ്ങളുടെ പ്രസ്തുത കാലയളവിലെ വളർച്ച മൂല്യം എത്ര യു.എസ്. ഡോളറാണ് എന്നും വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് അനുമതി നൽകുന്ന ഏക ജാലക സംവിധാനമായ കെ- സ്വിഫ്റ്റ് പ്രകാരം 2022 ജനുവരി 1 മുതൽ 2025 ജനുവരി 1 വരെ ഒരോ വർഷവും എത്ര എം.എസ്.എം.ഇ. കൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**<u>വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച സംരംഭങ്ങൾ</u>**

2566 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ആരംഭിച്ച സംരംഭങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഒരു സംരംഭം ആരംഭിക്കുന്നതിന് വകുപ്പ് നൽകി വരുന്ന ധനസഹായ പദ്ധതികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ?

**<u>സംരംഭക വർഷം പദ്ധതി – ഇന്റേൺസിന്റെ അടിസ്ഥാന യോഗ്യത</u>**

2567 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിയമിച്ച ഇന്റേൺസിന്റെ അടിസ്ഥാന യോഗ്യത എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ നിയമിക്കുന്നതിനുള്ള പ്രക്രിയ വിശദമാക്കാമോ; ഇവരുടെ വേതനം എത്രയാണ് എന്നും ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>വ്യവസായ മേഖലയിലെ മൂലധന നിക്ഷേപം</u>**

2568 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ ആകെ മൂലധന നിക്ഷേപം എത്ര; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള മൂലധന നിക്ഷേപമെത്ര; കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികളുടെ എണ്ണം എത്രയാണ്; വിവിധ മേഖലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിൽ മേഖലകളിൽ ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിവിധ മേഖല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ വ്യവസായ മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഏതെല്ലാം വ്യവസായ മേഖലയിൽ നിന്നാണ് പുനരധിവാസ പാക്കേജ് ആവശ്യപ്പെട്ട് സമീപിച്ചിട്ടുള്ളത്; ഏതെല്ലാം മേഖലകളിൽ പുനരധിവാസ പാക്കേജ്

പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

2569 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഇതിലേക്കായി എത്ര തുക വിനിയോഗിച്ചെന്ന് അറിയിക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റയിൽസ് - അടച്ചുപൂട്ടൽ**

2570 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റയിൽസ് എന്ന വ്യവസായ സ്ഥാപനം വർഷങ്ങളായി പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഷണൽ ടെക്സ്റ്റയിൽ കോർപ്പേറേഷന് (എൻ.റ്റി.സി.) കൈമാറിയ പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കാതെ അടച്ചു പൂട്ടിയ സാഹചര്യത്തിൽ അത് ഏറ്റെടുക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ എൻ.റ്റി.സി. ഏറ്റെടുത്തതിനു ശേഷം പ്രവർത്തിപ്പിക്കാത്ത ടെക്സ്റ്റയിൽ യൂണിറ്റുകളെ തിരികെ ലഭിക്കുന്നതിനായി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

2571 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2016 മുതൽ ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പൂട്ടിക്കിടന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ 2016-ന് ശേഷം തുറന്ന് പ്രവർത്തിച്ചുവരുന്നുണ്ട്; വിശദാംശം നൽകാമോ?

**വ്യാവസായിക സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും**

2572 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സർക്കാർ നിക്ഷേപത്തിലൂടെയും, സ്വകാര്യ നിക്ഷേപത്തിലൂടെയും സർക്കാർ - സ്വകാര്യ സംയുക്ത നിക്ഷേപത്തിലൂടെയും ആരംഭിച്ചിട്ടുള്ള വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചും വർഷം

തിരിച്ചും അറിയിക്കാമോ; പ്രസ്തുത വ്യവസായ സംരംഭങ്ങളിൽ ഇപ്പോഴും പ്രവർത്തിക്കുന്നവയുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ സർക്കാർ നിക്ഷേപത്തിലൂടെയും, സ്വകാര്യ നിക്ഷേപത്തിലൂടെയും, സർക്കാർ - സ്വകാര്യ സംയുക്ത നിക്ഷേപത്തിലൂടെയും ആരംഭിച്ചിട്ടുള്ള സ്റ്റാർട്ടപ്പുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും അറിയിക്കാമോ; പ്രസ്തുത സ്റ്റാർട്ടപ്പുകളിൽ ഇപ്പോഴും പ്രവർത്തിക്കുന്നവയുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ തിരൂർ നിയോജക മണ്ഡലത്തിൽ സർക്കാർ നിക്ഷേപത്തിലൂടെയും സ്വകാര്യ നിക്ഷേപത്തിലൂടെയും സർക്കാർ - സ്വകാര്യ സംയുക്ത നിക്ഷേപത്തിലൂടെയും ആരംഭിച്ചിട്ടുള്ള വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ തിരൂർ നിയോജക മണ്ഡലത്തിൽ സർക്കാർ നിക്ഷേപത്തിലൂടെയും സ്വകാര്യ നിക്ഷേപത്തിലൂടെയും സർക്കാർ - സ്വകാര്യ സംയുക്ത നിക്ഷേപത്തിലൂടെയും ആരംഭിച്ചിട്ടുള്ള വ്യവസായ സംരംഭങ്ങളിലും സ്റ്റാർട്ടപ്പുകളിലും ഇപ്പോഴും പ്രവർത്തിക്കുന്നവയുടെ വിശദവിവരം ലഭ്യമാക്കാമോ?

## ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗ്

2573 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗ് കണക്കാക്കുന്നതിൽ അശാസ്ത്രീയത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് 2020-ൽ സംസ്ഥാനം കേന്ദ്രത്തിന് കത്തെഴുതുകയുണ്ടായോ; വിശദമാക്കാമോ;

(ബി) റാങ്കിംഗ് കണക്കാക്കുന്നതിലുള്ള എന്തൊക്കെ അപാകതകൾ തിരുത്തുന്നതിനാണ് പ്രസ്തുത കത്ത് പ്രകാരം സംസ്ഥാനം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നത്; വിശദമാക്കാമോ;

(സി) ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗ് പ്രകാരം നിലവിലെ സംസ്ഥാനത്തിന്റെ റാങ്കിംഗ് എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ സംസ്ഥാനത്താകെ എത്ര പുതിയ വ്യവസായ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കാലയളവിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചതിനു ശേഷം ലാഭകരമായി തുടർന്ന് നടത്താൻ കഴിയാതെ നിർത്തിപ്പോയ സംരംഭങ്ങളുടെ ആകെ എണ്ണം എത്രയാണ്; ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## സംരംഭക വർഷം പദ്ധതി

2574 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി ദെലീമ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വ്യവസായ വികസന പ്രവർത്തനങ്ങളെ ലോകത്തിനു മുമ്പിൽ ശ്രദ്ധേയമാക്കിയ സംരംഭക വർഷം പദ്ധതിക്ക് ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംരംഭക വർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സംരംഭക സഭകൾ സംഘടിപ്പിച്ചു വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നിക്ഷേപ പ്രവർത്തനങ്ങളിൽ സംരംഭക വർഷം പദ്ധതി സംസ്ഥാനത്തുണ്ടാക്കിയ മാറ്റങ്ങളിൽ പ്രചോദിതമായി നിക്ഷേപക വർഷം എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

## എടരിക്കോട് സ്പിന്നിംഗ് മിൽ, കെ.ഇ.എൽ. യൂണിറ്റ്

2575 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസ്, കെ.ഇ.എൽ. യൂണിറ്റുകൾ ലാഭകരമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## എന്റർപ്രണർ സപ്പോർട്ട് സ്കീം

2576 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഇനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം തുക അനുവദിച്ചവരിൽ എത്ര പേർക്കാണ് ധനസഹായം ലഭ്യമാക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏത് തീയതി വരെ ലഭിച്ച അപേക്ഷകൾക്കാണ് ഇതുവരെ തുക നൽകിയിട്ടുള്ളത്; ബാക്കിയുള്ളവർക്ക് സഹായധനം എപ്പോൾ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

2577 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വർദ്ധനവും ഭൂമി തരം മാറ്റ നടപടികളിലെ കാലതാമസവും വിവിധ മേഖലകളിലെ കരാറുകാർക്ക് സർക്കാർ കുടിശിക നൽകാനുള്ളതും നിർമ്മാണ മേഖലയിലെ പ്രതിസന്ധിയ്ക്ക് കാരണമായിട്ടുണ്ടോ;

(സി) നിർമ്മാണ മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## വ്യവസായ വകുപ്പിലെ കൺസൽട്ടൻസികൾ

2578 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 2016 ജനുവരി മുതൽ 2024 ഡിസംബർ വരെ എത്ര കൺസൽട്ടൻസികൾ / വിദേശ കൺസൽട്ടൻസികൾ വിവിധ സ്ഥാപനങ്ങളിലായി പ്രവർത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കൺസൽട്ടൻസികൾ വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചതിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കൺസൽട്ടൻസികൾക്ക് നാളിതുവരെ എത്ര തുക ചിലവഴിച്ചു; കണക്കുകളും സർക്കാർ ഉത്തരവുകളും ലഭ്യമാക്കാമോ;

(ഡി) സർക്കാർ അനുമതി ഇല്ലാതെ ഏതെങ്കിലും കൺസൽട്ടൻസികൾ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ (സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ) പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിലവിൽ വ്യവസായ വകുപ്പിൽ എത്ര കൺസൽട്ടൻസികൾ / വിദേശ കൺസൽട്ടൻസികൾ പ്രവർത്തിക്കുന്നുണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## മണ്ണ് നീക്കം ചെയ്യുന്നതിൽ ഉണ്ടായിരിക്കുന്ന തർക്കത്തിന് പരിഹാരം

2579 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി തൊടുപുഴ ഓലമറ്റം കുമ്പളപ്പറമ്പിൽ വീട്ടിൽ ശ്രീ.ജോബ് കെ. ജേക്കബ്ബ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇടുക്കി ഓഫീസിലെ അനുമതിയോടെ വീടു വയ്ക്കുന്നതിന് മണ്ണ് നീക്കം ചെയ്യുകയും സാമ്പത്തിക പ്രയാസംമൂലം ഭൂമിയുടെ ഒരുഭാഗം വിൽക്കുകയും ചെയ്തതിനുശേഷം മണ്ണ് നീക്കം ചെയ്തതിനെതിരെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇടുക്കി ഓഫീസിൽ നിന്നും നോട്ടീസ് ലഭ്യമായതിനെത്തുടർന്ന് ടിയാൻ ബഹു. വ്യവസായ വകുപ്പു മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇടുക്കി ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓഫീസിൽ പരാതിക്കാരനെ നേരിൽ കേൾക്കാൻ തയ്യാറായിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വകുപ്പ് ഡയറക്ടർ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## <u>മണ്ണ് ഖനനം നടത്തുന്നതിനുള്ള അനുമതി</u>

2580 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കായി മണ്ണ് ഖനനം നടത്തുന്നതിന് അനുമതി ലഭിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അനുമതിയില്ലാതെ മണ്ണ് ഖനനം നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ജനപ്രതിനിധികൾക്ക് ലഭിക്കുന്ന പരാതികൾ ഏതൊക്കെ ഓഫീസികളെയാണ് അറിയിക്കേണ്ടത് എന്ന് വിശദമാക്കാമോ?

## <u>തീരക്കടലിൽ മണൽ ഖനനത്തിന് കേന്ദ്രനീക്കം</u>

2581 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരക്കടലിൽ മണൽ ഖനനത്തിനായി കേന്ദ്ര ഖനന മന്ത്രാലയം നീക്കം നടത്തുന്നതായ വിഷയത്തിൽ തീരദേശ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരപ്രദേശത്തെ ഖനനത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കൈത്തറി മേഖലയുടെ പുരോഗതി</u>

2582 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും തൊഴിലാളികളുടെ വേതനം യഥാസമയം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

2583 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും ഹാന്റെക്സ് തുണിത്തരങ്ങൾ സംഭരിക്കാറുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നാണ് തുണിത്തരങ്ങൾ സംഭരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) തുണിത്തരങ്ങൾ സംഭരിച്ച വകയിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് ഹാന്റെക്സ് നൽകാനുള്ള തുകയിൽ കുടിശ്ശികയുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം കൈത്തറി സഹകരണ സംഘങ്ങൾക്ക് എത്ര രൂപ വീതം നല്കാനുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക തുക നൽകി കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കൈത്തറി മേഖലയെ വിപുലപ്പെടുത്തൽ

2584 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ വിപുലപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നില മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ?

## കുന്നത്തറ ടെക്സ്റ്റൈൽസ്

2585 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനും ഭൂമി പൊതുമേഖലയിൽ നിലനിർത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പൊന്നുംവിലയുള്ള ഭൂമി തുച്ഛമായ വിലയ്ക്ക് കോടതി ലേലം ചെയ്ത് വിൽപന നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

## കോട്ടയം ടെക്സ്റ്റയിൽസ് മിൽ

2586 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന് കീഴിൽ കോട്ടയം ജില്ലയിലെ മോനിപ്പള്ളിയിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ സ്ഥലത്താണ് കോട്ടയം ടെക്സ്റ്റയിൽസ് മിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ടെക്സ്റ്റയിൽസ് മിൽ പ്രവർത്തിക്കുന്ന ഭാഗം ഒഴികെ ബാക്കി വരുന്ന ഭൂരിഭാഗം സ്ഥലവും ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ടെക്സ്റ്റയിൽ അനുബന്ധ ആധുനിക പരിശീലന കോഴ്സുകളും പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

## ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

2587 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബം, ഒരു സംരംഭം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കാട്ടാക്കട നിയോജക മണ്ഡലത്തിലെ ഈറ്റ ഉല്പന്നങ്ങളുടെ സംസ്കരണം

2588 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ ഈറ്റ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണത്തിനുമായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്റർ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ എന്തൊക്കയാണെന്നും എന്ന് മുതൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാനാകുമെന്നും വിശദമാക്കാമോ?

## സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾ

2589 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളിലൂടെയുള്ള ഉൽപാദനവും വിപണനവും ത്വരിതപ്പെടുത്തി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈത്തറി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ആറ്റിങ്ങൽ - വീക്ഷണം കൈത്തറി സഹകരണസംഘം പുനരുജ്ജീവിപ്പിക്കാൻ നടപടി

2590 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവന്നിരുന്ന വീക്ഷണം കൈത്തറി സഹകരണസംഘത്തിന്റെ

പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സഹകരണസംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വകുപ്പിന്റെ പരിഗണനയിലുള്ള പ്രസ്തുത പദ്ധതിയിന്മേൽ കൈവരിച്ച പുരോഗതി വിശദമാക്കുമോ?

**<u>കിടങ്ങൂർ ഡിപ്പാർട്ട്മെന്റൽ ഖാദി പ്രൊഡക്ഷൻ സെന്റർ</u>**

2591 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ ഡിപ്പാർട്ട്മെന്റൽ ഖാദി പ്രൊഡക്ഷൻ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിച്ചു നൽകാറുണ്ടോ; ഒരു മാസത്തിൽ എത്ര ദിവസം വർക്ക് ചെയ്യുവാനുള്ള അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നു എന്ന് വിശദീകരിക്കാമോ;

(സി) ഖാദി സെന്ററിലെ തൊഴിലാളികൾക്ക് തൊഴിലവസരം ലഭിക്കുന്നില്ല എന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ; ഇവർക്ക് കൃത്യമായും ശമ്പളം നൽകുന്നുണ്ടോ; ഇല്ലായെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ഇത് എന്നത്തേക്ക് കൊടുത്തു തീർക്കുമെന്നും വിശദമാക്കാമോ?

**<u>ഖാദി സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ നടപടി</u>**

2592 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഖാദി ഉപഭോക്താക്കൾക്ക് ഖാദി ബോർഡ്, ഖാദിസ്ഥാപനങ്ങൾ എന്നിവ മുഖേന അനുവദിച്ചു നൽകാറുള്ള സർക്കാർ റിബേറ്റ് ഇനത്തിൽ ഖാദി സ്ഥാപനങ്ങൾക്ക് 50 കോടിയിലേറെ രൂപ സർക്കാരിൽ നിന്നും കുടിശികയായി ലഭിക്കാനുണ്ട് എന്നത് വസ്തുതയാണോ; അറിയിക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഈ സ്ഥാപനങ്ങൾക്ക് കുടിശിക ഇനത്തിൽ നൽകാനുള്ള തുക എന്ന് നൽകാനാകുമെന്ന് അറിയിക്കുമോ;

(സി) കേരളത്തിലെ ഖാദി സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**<u>ഖാദി തൊഴിലാളികൾക്ക് ലഭിക്കേണ്ട പെൻഷൻ</u>**

2593 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികൾക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ അനുസരിച്ച് ലഭിക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെ നൽകാൻ സാധിക്കാത്തിന്റെ കാരണം വെളിപ്പവടുത്താമോ;

(ബി) സംസ്ഥാനത്തെ മറ്റ് അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കെല്ലാം ഈ ആനുകൂല്യങ്ങൾ നൽകിയിട്ടും ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഇതുവരെ നൽകാൻ സാധിക്കാത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഖാദി തൊഴിലാളികൾക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ അനുസരിച്ച് ലഭിക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

## <u>കൈത്തറി മേഖല</u>

2594 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും തൊഴിലാളികളുടെ വേതനം യഥാസമയം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കയർ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ</u>

2595 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ?

## <u>കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി</u>

2596 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം എത്രയെന്ന് വിശദമാക്കാമോ?

## <u>കയർ മേഖലയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

2597 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കയർ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കും സേവനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചെലവിന്റെ ശതമാനവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## <u>കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ</u>

2598 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച എത്ര തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കയർ തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ എത്ര തൊഴിലാളികളാണ് അംഗത്വം നേടിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**പരമ്പരാഗത വ്യവസായ പുനരുജ്ജീവന പദ്ധതി**

2599 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ പുനരുജ്ജീവന പദ്ധതി പ്രകാരം കയർസംഘങ്ങളുടെ വികസനത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുവെന്ന് വിശദമാക്കാമോ?

**കയർ വില സ്ഥിരത ഫണ്ടിലേക്ക് വകയിരുത്തിയ തുക**

2600 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും കയർ വില സ്ഥിരത ഫണ്ടിലേക്ക് വകയിരുത്തിയ തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കയർപിരി സംഘങ്ങൾക്ക് കയർഫെഡ് മുഖേന കയർ സമാഹരിച്ച ഇനത്തിൽ നിലവിൽ എത്ര തുക കുടിശിക അനുവദിക്കാനുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കുടിശിക അനുവദിക്കുന്നതിന് പര്യാപ്തമായ തുക വില സ്ഥിരത ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്**

2601 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വികസിപ്പിച്ച ഉപകരണങ്ങൾ, ഉല്പന്നങ്ങൾ, സാങ്കേതിക വിദ്യ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) എൻ.സി.ആർ.എം.ഐ. യുടെ ഉല്പന്നങ്ങളും സാങ്കേതിക വിദ്യയും വിപണനം ചെയ്യുന്ന രീതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) എൻ.സി.ആർ.എം.ഐ. പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**കയർ ഉല്പന്നങ്ങൾ സംഭരിച്ച വകയിൽ കുടിശിക**

2602 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങൾ സംഭരിച്ച വകയിൽ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ചെറുകിട കയർ ഫാക്ടറികൾ ഉൾപ്പെടെയുള്ളവയ്ക്ക് നൽകുവാനുള്ള കുടിശിക തുകയുടെ വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത കുടിശിക തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>**

2603 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്കായി സംസ്ഥാന ബജറ്റിൽ കടുത്ത അവഗണനയാണ് എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചെറുകിട കയർ ഫാക്ടറികൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ മേഖലയ്ക്കായുള്ള മുൻ ബജറ്റുകളിലെ പ്രഖ്യാപനങ്ങളിൽ ഭൂരിഭാഗവും ഫണ്ടിന്റെ അപര്യാപ്തത കാരണം നടപ്പാകാത്ത സ്ഥിതിയിലാണോയെന്നും എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി</u>**

2604 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധിമൂലം സംസ്ഥാനത്ത് നിരവധി കശുവണ്ടി ഫാക്ടറികൾ പൂട്ടിയെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ നൂറു ദിവസത്തെ ജോലി നൽകാൻ സാധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം</u>**

2605 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നിലവിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) 2024-ൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള തൊഴിൽദിനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം സ്ഥാപനാടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2015 വർഷത്തിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നുവെന്നും അവയിൽ എത്ര തൊഴിൽദിനങ്ങളാണ് ഉണ്ടായിരുന്നതെന്നും സംബന്ധിച്ച വിവരം വിശദമാക്കാമോ?

## CAPEX-ൽ സർക്കാരിന്റെ ഇടപെടൽ

2606 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി (CAPEX) നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സ്വകാര്യ മേഖലയിൽ അടച്ചുപൂട്ടിയ ഫാക്ടറികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഫാക്ടറികളാണ് ഏറ്റെടുത്തത്; ഇതിലൂടെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദമാക്കാമോ;

(സി) സ്വകാര്യ ഫാക്ടറികൾ അടച്ചിട്ടത് നിമിത്തം തൊഴിൽ നഷ്ടപ്പെട്ട എത്ര തൊഴിലാളികൾക്ക് ഇതിലൂടെ തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കശുവണ്ടി തൊഴിലാളികൾക്കായുള്ള ക്ഷേമനടപടികൾ

2607 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം എത്ര ദിവസം തൊഴിൽദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) തൊഴിലാളികളുടെ ഇ.എസ്.ഐ ആനുകൂല്യങ്ങൾ അവരുടെ സ്ഥാപനത്തിലെ ഹാജർ അടിസ്ഥാനമാക്കിയായതിനാൽ അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും, തൊഴിൽ ദിനങ്ങൾ കുറഞ്ഞവർക്കും ഇ.എസ്.ഐ ചികിത്സാ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തു നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ നിലവിൽ തൊഴിൽ നൽകി വരുന്നുണ്ടോ; 2024-ൽ കോർപ്പറേഷന് പ്രവർത്തന ലാഭം നേടാൻ കഴിഞ്ഞിട്ടുണ്ടോ;

വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുൾപ്പെടെ ഇ.എസ്.ഐ, പ്രോവിഡൻറ് ഫണ്ട് വിഹിതങ്ങൾ സർക്കാർ ഏറ്റെടുത്തു അടയ്ക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

## കാർബോറാണ്ടം കമ്പനിയുടെ കരാർ

2608 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ കാലാവധി കഴിഞ്ഞ് ഒന്നരമാസം ആയിട്ടും കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് കമ്പനിയിൽനിന്ന് മണിയാർ ജലവൈദ്യുത പദ്ധതി സർക്കാർ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലുണ്ടോയെന്നും; ജലവൈദ്യുത പദ്ധതി ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടാകാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) എത്ര വർഷത്തേക്ക് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് കാർബോറാണ്ടം കമ്പനിക്ക് കരാർ നൽകിയിരുന്നത് എന്ന് അറിയിക്കാമോ; കരാർ പ്രകാരം കമ്പനി ഉത്പാദിപ്പിക്കുന്ന വൈദ്യുതി എപ്രകാരം കൈമാറ്റം ചെയ്യുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കരാറിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് വൈദ്യുതി ബോർഡ് കാർബൊറാണ്ടം കമ്പനിക്ക് നോട്ടീസ് നൽകിയിരുന്നോ; എന്തൊക്കെ ലംഘനങ്ങളാണ് അന്ന് കമ്പനി നടത്തിയതായി കണ്ടെത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് പദ്ധതി തിരികെ കൈമാറണമെന്ന് വൈദ്യുതി ബോർഡും ഊർജ്ജവകുപ്പും കമ്പനിയോട് ആവശ്യപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) കരാർ കാലാവധി കഴിഞ്ഞിട്ടും കമ്പനി നിയമവിരുദ്ധമായി പദ്ധതിയിൽ നിന്നും വൈദ്യുതി ഉത്പാദിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത കരാർ പുതുക്കുന്നതിൽ നിലവിലെ നിയമങ്ങൾ പ്രകാരമുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വൈദ്യുതി ഉൽപാദനത്തിൽ കുറവുണ്ടായത് മൂലം ബോർഡിന് ആകെ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിങ്ങിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

2609 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിങ്ങിനായി നിലവിൽ വൈദ്യുതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ;

(ബി) കൂടുതൽ ചാർജ്ജിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## വൈദ്യുത പ്രതിസന്ധി

2610 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദന - പ്രസരണ രംഗത്ത് ഫലപ്രദമായി ഇടപെടാൻ വൈദ്യുതി ബോർഡിനു കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി ഉൽപാദന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മലപ്പുറം ജില്ലയിലെ വൈദ്യുതി ബോർഡിന്റെ പ്രവൃത്തികൾ

2611 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വോൾട്ടേജ് കുറവുൾപ്പടെയുള്ള വൈദ്യുതി വിതരണ രംഗത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഈ വർഷം നടപ്പിലാക്കുന്നതിനുള്ള എത്ര പദ്ധതികളാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്നും അവ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണെന്നും അറിയിക്കുമോ; അവയുടെ ടെണ്ടർ തീയതി, പദ്ധതി തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതികളുടെ ടെണ്ടർ നൽകിയിട്ടും പ്രവൃത്തി തുടങ്ങാതെ കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) കടുത്ത വേനലിൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈദ്യുതി ചാർജ്ജ് കുടിശിക

2612 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ് എന്നറിയിക്കുമോ;

(ബി) ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരുവിവരങ്ങൾ, തുക എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## വൈദ്യുതി ലൈൻ എ.ബി.സി. കേബിൾ ആക്കുന്ന പ്രവർത്തനങ്ങൾ

2613 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് വൈദ്യുതി ലൈൻ എ.ബി.സി. കേബിൾ ആക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) അരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ്-21 ലെ ജനവാസമേഖലയിൽ വൈദ്യുതി ലൈൻ എ.ബി.സി. കേബിളുകൾ ആക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## സ്മാർട്ട് മീറ്റർ പദ്ധതി

2614 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി ക്യാപ്പക്സ് മോഡലിൽ നടപ്പിലാക്കുന്നതിനായി ലഭിച്ച ഓരോ വിഭാഗം ടെൻഡറിലെയും ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ ടെൻഡർ തുകയും അവ നൽകിയ സ്ഥാപനത്തിന്റെ പേരും വെളിപ്പെടുത്താമോ;

(ബി) എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിന് ടോട്ടക്സ് മോഡലിൽ നിന്നും കാപ്പക്സ് മോഡലിലേക്ക് മാറുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാൻഡ് ലഭ്യമാകുമോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് രേഖാമൂലം ഏതെങ്കിലും തരത്തിലുള്ള ഉറപ്പ് സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ രേഖയുടെ കോപ്പി ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സൗന്ദര്യവൽക്കരണ പ്രവൃത്തി

2615 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പനങ്ങാട് ഗ്രാമപഞ്ചായത്തിലെ തലയാട് അങ്ങാടിയിൽ പി.ഡബ്ല്യ.ഡി റോഡിനോടു ചേർന്നുള്ള കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, മലയോര ഹൈവേയുടെ നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി കട്ട പതിച്ച് സൗന്ദര്യവൽക്കരിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി-യുടെ ഭാവി ഉപയോഗത്തിന് തടസ്സമില്ലാതെ തലയാട് അങ്ങാടിയിലുള്ള ഭൂമിയിൽ സൗന്ദര്യവൽക്കരണ പ്രവൃത്തി നടത്തുന്നതിന് അടിയന്തരമായി അനുമതി നൽകാമോ?

## കെ.എസ്.ഇ.ബി. ബിൽ അടയ്ക്കാൻ കഴിയാത്ത സാഹചര്യം

2616 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസേവന കേന്ദ്രങ്ങളിൽ കെ.എസ്.ഇ.ബി. ബിൽ അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കായംകുളം എൻ.ടി.പി.സി-യിൽ നിന്നുള്ള വൈദ്യുതി

2617 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എൻ.ടി.പി.സി-യിൽ നിന്നും വൈദ്യുതി വാങ്ങാത്ത വർഷങ്ങളിലും ഫിക്സ്ഡ് ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി. തുക നൽകി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇവിടെ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് ഉയർന്ന നിരക്ക് നൽകേണ്ടി വരുന്നുണ്ടോ; വ്യക്തമാക്കാമോ; വില കൂടിയ നാഫ്തയ്ക്ക് പകരം ചെലവ് കുറഞ്ഞ ഇന്ധനം ഉപയോഗിക്കണമെന്ന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ;

(സി) വില കുറഞ്ഞ വൈദ്യുതി എൻ.ടി.പി.സി-ക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ നിലയം ഏറ്റെടുക്കാൻ തയ്യാറാണെന്ന് കെ.എസ്.ഇ.ബി. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി-ക്ക് ലഭിക്കാനുള്ള കുടിശ്ശിക

2618 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ നിന്ന് കെ.എസ്.ഇ.ബി-ക്ക് ലഭിക്കാനുള്ള കുടിശ്ശികയുടെ വകുപ്പുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് കെ.എസ്.ഇ.ബി-ക്ക് ലഭിക്കാനുള്ള കുടിശ്ശികയുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് കെ.എസ്.ഇ.ബി-ക്ക് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) 2025-ൽ കുടിശ്ശികയായി പിരിച്ചെടുത്ത തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കെ.എസ്.ഇ.ബി ഓഫീസ് ഉപരോധം

2619 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിലയ്ക്കുന്ന സമയം ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിലേക്ക് ഫോൺ വിളിക്കുമ്പോൾ പ്രതികരണമില്ലാത്തതിനാൽ സമീപകാലത്ത് ജനങ്ങൾ കൂട്ടത്തോടെ കെ.എസ്.ഇ.ബി ഓഫീസുകൾ ഉപരോധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി പ്രതിസന്ധിയെ തുടർന്ന് കേടാകുന്ന ട്രാൻസ്ഫോർമറുകൾ മാറ്റി വയ്ക്കുവാൻ പുതിയത് ലഭ്യമല്ലെന്നും, ലൈൻ കേടായാൽ അറ്റകുറ്റ പണികൾക്ക് സാധന സാമഗ്രികൾ ഇല്ലെന്നും മറ്റും ഉയർന്നു വരുന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## പ്രസരണ-വിതരണ നഷ്ടം

2620 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്വന്തം ശൃംഖലയിലെ പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത് എങ്ങനെയാണ്; ആയത് സി.ഇ.എ. യുടെയും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെയും മാനദണ്ഡങ്ങൾ പ്രകാരമാണോയെന്നറിയിക്കുമോ;

(ബി) വൈദ്യുതി അന്യസംസ്ഥാനങ്ങളിൽ നിന്നും 400 കെ.വി. ലൈനിലൂടെ ഇറക്കുമതി ചെയ്യുകയും ഉപഭോക്താവിൽ എത്തിക്കാൻ എൽ.റ്റി. ലൈനിലൂടെ കടത്തിവിടേണ്ടി വരികയും ചെയ്യുമ്പോൾ സാങ്കേതികമായി ഒഴിവാക്കാനാവാത്ത വൈദ്യുതി നഷ്ടം മറികടന്ന് എങ്ങനെയാണ് 7% സാങ്കേതിക വാണിജ്യ നഷ്ടം നേടിയത് എന്നത് വിശദമാക്കാമോ;

(സി) പ്രസരണ എസ്.ബി.യു.വിന്റെയും വിതരണ എസ്.ബി.യു.വിന്റെയും ആസ്തികൾ കൃത്യമായി വിഭജിച്ച് കണക്ക് സൂക്ഷിച്ചിട്ടുണ്ടോ; അവയുടെ കാര്യക്ഷമതയും ഉണ്ടാകുന്ന വൈദ്യുതി നഷ്ടവും പരിശോധിക്കാൻ വേണ്ട സംവിധാനം നിലവിലുണ്ടോ;

(ഡി) സി.ഇ.എ യുടെ മീറ്ററിംഗ് ചട്ട പ്രകാരവും ബി.ഇ.ഇ. യുടെ ഓഡിറ്റ് ചട്ടങ്ങൾ പ്രകാരവും വേണ്ട ഓഡിറ്റ് മീറ്ററുകളും ഇന്റർഫേസിംഗ് മീറ്ററുകളും സ്ഥാപിച്ച് കൈകാര്യം ചെയ്യുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി അറിയാതെ എങ്ങനെയാണ് പ്രസരണ വിതരണ നഷ്ടം കൃത്യമായി കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ; നിലവിലെ രീതിയിൽ കണക്കാക്കിയിട്ടുള്ള സാങ്കേതിക വാണിജ്യ നഷ്ടത്തിന്റെ കണക്ക് മേഖല, ജില്ല, സബ്സ്റ്റേഷൻ, ഫീഡർ എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ;

(ഇ) പ്രസരണ എസ്.ബി.യു.വിന്റെയും വിതരണ എസ്.ബി.യു.വിന്റെയും ആസ്തികൾ കൃത്യമായി വിഭജിച്ച് കണക്ക് സൂക്ഷിച്ചിട്ടുണ്ടോ; അവയുടെ കാര്യക്ഷമതയും ഉണ്ടാകുന്ന വൈദ്യുതി നഷ്ടവും പരിശോധിക്കാൻ വേണ്ട സംവിധാനം നിലവിലുണ്ടോ;

(എഫ്) സി.ഇ.എ യുടെ മീറ്ററിംഗ് ചട്ട പ്രകാരവും ബി.ഇ.ഇ. യുടെ ഓഡിറ്റ് ചട്ടങ്ങൾ പ്രകാരവും വേണ്ട ഓഡിറ്റ് മീറ്ററുകളും ഇന്റർഫേസിംഗ് മീറ്ററുകളും സ്ഥാപിച്ച് കൈകാര്യം ചെയ്യുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി അറിയാതെ എങ്ങനെയാണ് പ്രസരണ വിതരണ നഷ്ടം കൃത്യമായി കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) സാങ്കേതിക വാണിജ്യ നഷ്ടം കണക്കാക്കുന്നതിന് സി.ഇ.എ. നിർദ്ദേശിച്ചിട്ടുള്ള രീതിയാണോ ഉപയോഗിക്കുന്നത്; കേരളത്തിന്റെ സാങ്കേതിക വാണിജ്യ നഷ്ടം മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ കുറവാണോ; കേരളത്തിന്റെ സാങ്കേതിക വാണിജ്യ നഷ്ടം മറ്റ് സംസ്ഥാനങ്ങളെക്കാൾ കുറവായി കാണിക്കുന്നത് മൂലം കെ.എസ്.ഇ.ബി.ക്ക് ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്മെന്റിനായിട്ടുള്ള കേന്ദ്ര ധനസഹായം ലഭിക്കുന്നതിൽ കുറവ് വരുത്താൻ ഇടയാക്കില്ലേയെന്ന് വ്യക്തമാക്കുമോ?

## <u>മലപ്പുറം മണ്ഡലത്തിലെ ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ</u>

2621 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ എത്ര ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ ഇ.വി. ചാർജിംഗ് പോയിന്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വൈദ്യുതി വകുപ്പിനു കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ</u>

2622 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, ഐ.ബി.കൾ, മറ്റ് താമസയോഗ്യമായ ഇടങ്ങൾ എന്നിവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൊതുജനങ്ങൾക്ക് താമസിക്കുന്നതിന് അനുമതിയുള്ളത് ഏതിലൊക്കെയാണെന്ന് അറിയിക്കാമോ; വിശദമാക്കുമോ; അപേക്ഷ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

## <u>എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം</u>

2623 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് നിലവിൽ ഇതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുള്ളത്;

വിശദമാക്കാമോ;

(ബി) വിവിധ സ്ഥാപനങ്ങളിലും വ്യവസായ ശാലകളിലും വാണിജ്യ സമുച്ചയങ്ങളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ പ്രസ്തുത ഏജൻസി എത്രമാത്രം വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ അറിയിക്കാമോ;

(സി) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനത്തിലൂടെ 2024, 2025 വർഷങ്ങളിൽ എത്രമാത്രം ഊർജ്ജം ലാഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഊർജ്ജക്ഷമതയില്ലാത്ത ഫാനുകളും, ഗാർഹിക ഉപകരണങ്ങളും, പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ</u>

2624 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകൽ സമയത്ത് അധികമായി ലഭിക്കുന്ന വൈദ്യുതി പ്രയോജനപ്പെടുത്തി രാത്രി കാലങ്ങളിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായുള്ള പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ സംസ്ഥാനത്തിനനുയോജ്യമായി നടപ്പിലാക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാനാവശ്യമായ കാലയളവ് എത്രയാണെന്ന് വിശദമാക്കുമോ?

## <u>മലപ്പുറം പാക്കേജ്</u>

2625 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിൽ നിർവഹിച്ച പ്രവൃത്തികളുടെ വിവരവും അതിന് ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിവരങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) മലപ്പുറം പാക്കേജിൽ ഇനി നിർവഹിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരവും അതിന് നീക്കിവെച്ചിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിവരങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(സി) മലപ്പുറം പാക്കേജിൽ ഇനി നിർവഹിക്കാനുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

## <u>കായംകുളം മണ്ഡലത്തിലെ വൈദ്യുത വകുപ്പിന്റെ പദ്ധതികൾ</u>

2626 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 വർഷം മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും ഇനിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2627 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**കേരളത്തിലെ പൊതുമേഖല, സ്വകാര്യ മേഖല വഴിയുള്ള വൈദ്യുതി ഉൽപ്പാദനം**

2628 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ പൊതുമേഖല വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിദിനം ഉൽപ്പാദിപ്പിച്ച് വരുന്നതെന്നും ഈ മേഖലയിൽ 2016 മുതൽ അധികമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നതെന്നും അറിയിക്കാമോ; വിശദമാക്കാമോ;

(ബി) സ്വകാര്യ വൈദ്യുത പദ്ധതികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ആഭ്യന്തര സ്രോതസ്സുകളിലെ വൈദ്യുതി ഉത്പാദനം**

2629 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വർദ്ധിച്ച വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് ആഭ്യന്തര സ്രോതസ്സുകളിലെ ഉത്പാദനം പരമാവധി മെച്ചപ്പെടുത്തുന്നതിനായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയ്ക്ക് ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി വി.നമശിവായത്തിന്റെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

**പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ നടപടി**

2630 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ-വിതരണ നഷ്ടം ഇപ്പോൾ എത്ര ശതമാനമാണെന്നും നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കാമോ?

**വൈദ്യുതി ഉല്പാദനത്തിലുണ്ടായ വർദ്ധനവ്**

2631 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ എത്ര മെഗാവാട്ടിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിൽ ജലവൈദ്യുത പദ്ധതി മുഖേന എത്ര മെഗാവാട്ടിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(സി) സൗരോർജ്ജ നിലയങ്ങൾ വഴി എത്ര മെഗാവാട്ടിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി. മുഖേന സൗര പദ്ധതിയിലൂടെ പുരപ്പുറങ്ങളിലായി എത്ര മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

**ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമത**

2632 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ ഉത്പാദന-പ്രസരണ-വിതരണ രംഗത്തുള്ള ട്രാൻസ്ഫോർമറുകളെ സംബന്ധിച്ച് അവയുടെ എണ്ണം, ശേഷി, കാലപ്പഴക്കം, പത്തു വർഷത്തിന് താഴെ പഴക്കം ഉള്ളത്, പത്തു മുതൽ ഇരുപതു വർഷം വരെ പഴക്കമുള്ളത്, ഇരുപതു മുതൽ മുപ്പതു വർഷം വരെ പഴക്കമുള്ളത്, മുപ്പതു വർഷത്തിന് മുകളിൽ പഴക്കമുള്ളത്, നിലവിൽ ഉപയോഗശൂന്യമായത് എന്നിങ്ങനെ ഇനം തിരിച്ചുള്ള വിശദമായ പട്ടിക ലഭ്യമാക്കാമോ;

(ബി) പഴക്കം കൂടുന്തോറും ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമത, പ്രസരണനഷ്ടം എന്നിവ വൈദ്യുതിവിതരണരംഗത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ; അവ പരിഹരിക്കാനുള്ള എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

**ചാത്തങ്കോട്ടുനട ജലവൈദ്യുതപദ്ധതി**

2633 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചാത്തങ്കോട്ടുനട ജലവൈദ്യുതപദ്ധതി വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിന് നടപടി**

2634 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിരന്തരം ഉണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് പ്രശ്നങ്ങളും കാരണം ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ്, ദ്യുതി-2.0 പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതിയും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; ഇവ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ;?

**വൈദ്യുതി താരിഫ് നിരക്ക്**

2635 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ വൈദ്യുതി താരിഫ് നിരക്ക് കൂടുതലുള്ള സംസ്ഥാനം കേരളമാണ് എന്ന പ്രചാരണം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ**

2636 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ മണ്ഡലത്തിൽ ഇതുവരെയായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത കണക്ഷനിൽ ഗാർഹിക കണക്ഷൻ, കാർഷിക കണക്ഷൻ, വ്യാവസായിക കണക്ഷൻ എന്നിവ എത്ര വീതമെന്ന് വിശദമാക്കുമോ?

**കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

2637 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിച്ച് കൂടുതൽ കാര്യക്ഷമതയോടെയുള്ള വൈദ്യുതി വിതരണം ഉറപ്പു വരുത്തുമോ; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ

2638 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നാളിതുവരെ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഗാർഹിക കണക്ഷൻ, കാർഷിക കണക്ഷൻ, വ്യവസായിക കണക്ഷൻ എന്നിവ എത്ര വീതമെന്ന് വിശദമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ

2639 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന സ്ഥലങ്ങളുടെ പേരുവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ പോൾ മൗണ്ടഡ് ഇ.വി. ചാർജിംഗ് സ്റ്റേഷൻ

2640 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. യുടെ ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ (പോൾ മൗണ്ടഡ്) ഇതേവരെ എത്ര പേർ ഉപയോഗിച്ചിട്ടുണ്ടെന്നും ഓരോ ചാർജിംഗ് സ്റ്റേഷനിൽ നിന്നും ലഭിച്ച വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതിയതായി പോൾ മൗണ്ടഡ് ഇ.വി. ചാർജിംഗ് സ്റ്റേഷൻ അനുവദിക്കുമോ; വിശദമാക്കാമോ?

## സോളാർ എനർജി

2641 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജോല്പാദനത്തിന്റെ എത്ര ശതമാനമാണ് സോളാർ എനർജിയിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സോളാർ എനർജി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## വൈദ്യുതി പ്രതിസന്ധി തടയാൻ സോളാർ പദ്ധതിയുടെ വ്യാപനം

2642 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പദ്ധതി വലിയ തോതിൽ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ നിലവിൽ വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) നിരവധി സർക്കാർ - സ്വകാര്യ ഭൂമികളിലും കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിലും സോളാർ പദ്ധതി വ്യാപിപ്പിച്ച് വൈദ്യുതി ഉത്പാദനം കൂട്ടി വൈദ്യുതി പ്രതിസന്ധി മറികടക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സോളാർ പ്ലാന്റ് സ്ഥാപിച്ച ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശം</u>**

2643 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുത ബോർഡിന്റെ ഗ്രിഡുമായി ബന്ധിപ്പിച്ച ഉപഭോക്താക്കൾ പീക്ക് സമയത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സാധാരണ ഉപഭോക്താക്കൾ നൽകുന്നതുപോലെ ഉയർന്ന നിരക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൻ തുക ചെലവഴിച്ച് സോളാർ പ്ലാന്റ് സ്ഥാപിച്ചുകൊണ്ട് ബോർഡിനെ സഹായിക്കുന്ന പ്രസ്തുത ഉപഭോക്താക്കൾക്ക് ഈ നിർദേശം അധിക ബാധ്യത ഉണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>പ്രോസുമേഴ്സിന് നൽകാനുള്ള സെറ്റിൽമെന്റ് തുക</u>**

2644 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രോസുമേഴ്സ് നൽകിയ വൈദ്യുതിയുടെ സെറ്റിൽമെന്റ് തുക എല്ലാ പ്രോസുമേഴ്സിനും കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) മേല്പറഞ്ഞ വർഷങ്ങളിലെ തുക എത്ര പേർക്ക് വീതം കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; പ്രോസുമേഴ്സിന് നല്കേണ്ട തുകയോടൊപ്പം കെ.എസ്.ഇ.ആർ.സി കൊടുത്തു തീർക്കാൻ നിർദേശിച്ച സമയപരിധിക്കുശേഷമുള്ള കാലയളവ് കണക്കാക്കി നിയമപ്രകാരമുള്ള പലിശ കെ.എസ്.ഇ.ബി. നല്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) സോളാർ അപേക്ഷയോടൊപ്പം സെക്ഷൻ ഓഫീസിൽ അടയ്ക്കുന്ന അപേക്ഷ ഫീസിന്റെ 80% തുക സോളാർ പ്ലാന്റ് പ്രവർത്തനസജ്ജമായതിന് ശേഷം പ്രോസുമേഴ്സ് ആവശ്യപ്പെടാതെ തന്നെ ഒരു മാസത്തിനുള്ളിൽ പ്രോസുമേഴ്സിന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള വ്യവസ്ഥ ചെയ്യാമോ; വ്യക്തമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി</u>**

2645 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യ്ക്ക് സ്വന്തമായി സെക്ഷൻ ഓഫീസ് കെട്ടിടം, സബ്സ്റ്റേഷനുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) അത്തരം കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭൂമി വിലകൊടുത്ത് വാങ്ങാറുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങളും മുൻഗണനകളും വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പുനലൂർ മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസ്</u>

2646 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ സബ് ഡിവിഷനിലെ അഞ്ചൽ സെക്ഷൻ പരിധിയിൽ ഉൾപ്പെടുന്ന മലയോര പ്രദേശമായ ഏരൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ പുനലൂർ ഡിവിഷനിലെ അഞ്ചൽ, കടയ്ക്കൽ സബ് ഡിവിഷനുകളിലെ സെക്ഷൻ ഓഫീസുകളും കൊട്ടാരക്കര ഡിവിഷനിലെ ആയൂർ, ചടയമംഗലം സെക്ഷൻ ഓഫീസുകളും ഉൾപ്പെടുത്തി അഞ്ചൽ കേന്ദ്രീകരിച്ച് പുതിയ ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിശോധിക്കുമോ; അതിനുള്ള സാധ്യതകൾ വിശദമാക്കാമോ?

## <u>പാറശാല മണ്ഡലത്തിലെ കെ.എസ്.ഇ.ബി ഓഫീസുകൾക്ക് സ്വന്തം കെട്ടിടം</u>

2647 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ സ്വന്തം കെട്ടിടത്തിലും വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന ഓഫീസുകളുടെ ഓരോന്നിന്റെയും വാടക നിരക്ക് എത്രയാണെന്ന് അറിയിക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ വന്ന ശേഷം പാറശാല മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ നാളിതുവരെ നടപ്പിലാക്കിയതും നടപ്പാക്കാൻ

ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവൃത്തികളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ?

**വെങ്ങാലൂർ 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

2648 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിലെ വെങ്ങാലൂർ 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും എത്ര ശതമാനം വരെ പണിപൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) വെങ്ങാലൂർ സബ്സ്റ്റേഷനിൽ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

**വരന്തരപ്പിള്ളി കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണം**

2649 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളിയിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ 33 കെ.വി. സബ് സ്റ്റേഷൻ**

2650 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ് സ്റ്റേഷന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**വലിയകുന്ന് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം**

2651 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്നതിനായി പ്രസരണ വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ; പദ്ധതികൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പുതുതായി വിഭാവനം ചെയ്യുന്ന വലിയകുന്ന് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം

2652 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) നിലവിൽ എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്നും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്നത്തേക്ക് യാഥാർഥ്യമാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ സബ് സ്റ്റേഷൻ

2653 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## കാഞ്ഞിരപ്പുഴയിൽ സബ് സ്റ്റേഷൻ നിർമ്മാണം

2654 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴയിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി സബ്സ്റ്റേഷൻ

2655 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര ഗ്രാമപ്പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും അതിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി.യിൽ ക്യാഷ്യർ / സീനിയർ അസിസ്റ്റന്റിന്റെ റീലീവിങ്

2656 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജനുവരിക്ക് ശേഷം കെ.എസ്.ഇ.ബിയിൽ 250 ഓളം ക്യാഷ്യർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പ്രമോഷൻ/ട്രാൻസ്ഫർ ഉത്തരവ് ലഭിച്ചിട്ടും ക്യാഷ്യർ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരെ റിലീവ് ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; ക്യാഷ്യർമാരുടെ അഭാവത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കാതെ ക്യാഷ്യർ ട്രെയിനിമാരുടെ ലഭ്യത അനുസരിച്ച് ഉദ്യോഗസ്ഥരെ റിലീവ് ചെയ്യുതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സെക്ഷനുകളിൽ നിന്നും എത്ര പേരെയാണ് റിലീവ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സ്റ്റിറ്റ്യൂട്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ സീനിയോറിറ്റി നോക്കാതെ ക്യാഷ്യർ ട്രെയിനിമാരുടെ ലഭ്യത അനുസരിച്ച് നിരവധി പേരെ റിലീവ് ചെയ്തിട്ടുണ്ടെങ്കിലും തിരൂർ ഇലക്ട്രിക്കൽ സർക്കിളിൽ നിന്നും 23/01/2025-ലെ 300/ഇ.ബി 1/18/2024-25/3118 നമ്പർ ഉത്തരവ് പ്രകാരം തിരൂരങ്ങാടി ഡിവിഷനിലെ ഒതുക്കുങ്ങൽ സെക്ഷനിൽ മുമ്പ് ക്യാഷ്യർ ട്രെയിനിയായി ജോലിചെയ്ത ശ്രീമതി മുഹസിന ടി.യെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടും 30/07/2024ൽ സ്ഥലമാറ്റ ഉത്തരവ് ലഭിച്ച തിരൂർ സർക്കിളിനു കീഴിലുള്ള പുത്തനത്താണി സെക്ഷനിലെ ക്യാഷ്യറായ ശ്രീ. രജനീഷ് രാജിനെ റിലീവ് ചെയ്യാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) നിയമപരമായ തടസ്സങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ രജനീഷ് രാജിനെ ഉടൻ റിലീവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>കെ.എസ്.ഇ.ബി.യിൽ കാഷ്യർ/ സീനിയർ അസിസ്റ്റന്റുമാരുടെ റീലീവിങ്</u>**

2657 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ 01/01/2024ന് ശേഷം സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച കാഷ്യർ ജോലി ചുമതല വഹിച്ചിരുന്ന കാഷ്യർ/സീനിയർ അസിസ്റ്റന്റ് മാരെ റിലീവ് ചെയ്യുന്നതിനായി തിരൂർ സർക്കിളിന് കീഴിലുള്ള 3 ഡിവിഷനിൽ നിന്നും എത്ര ഉദ്യോഗസ്ഥന്മാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവരുടെ പേര്, സ്റ്റേഷൻ സീനിയോറിറ്റി എന്നിവ അറിയിക്കാമോ; വർക്കിംഗ് അറേഞ്ച്മെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തിരൂർ സർക്കിളിലെ തിരൂരങ്ങാടി ഡിവിഷൻ ഇലക്ട്രിക് സെക്ഷൻ ഓഫീസ് അസിസ്റ്റന്റായ ശ്രീമതി മുഹസീന ടി.യെ പുത്തനത്താണി സെക്ഷനിലെ ക്യാഷ്യർ ട്രെയിനിയായി നിയമിച്ചുകൊണ്ട് വർക്കിംഗ് അറേഞ്ച്മെന്റ് ഉത്തരവ് ഇറക്കിയതിൽ നിയമവിരുദ്ധമായി എന്തെങ്കിലുമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; നിയമതടസ്സം ഇല്ലെങ്കിൽ ഉത്തരവ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള അപേക്ഷ</u>**

2658 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡബിൾ സർക്യൂട്ടിന്റെ ടവർ വൈപ്പിൻ നിയോജക മണ്ഡലത്തിലെ അയ്യമ്പിള്ളി കരയിൽ കിഴക്കേമണിയിൽ വീട്ടിൽ അച്യുതൻ നായർ മകൻ രത്നാകരൻ എന്ന വ്യക്തിയുടെ സ്ഥലത്തിന് നടുക്ക് നിർമ്മിക്കുന്നതിനാലും ഹൈ ടെൻഷൻ ലൈനുകൾ പ്രസ്തുത സ്ഥലത്തിന് നടുവിലൂടെ കടന്നു പോകുന്നതിനാലും സ്ഥലം ഉപയോഗശൂന്യമാകുന്നതിനാൽ സ്ഥലം സർക്കാർ ഏറ്റെടുത്ത് നഷ്ടപരിഹാരം ലഭിക്കുന്നതിനായി സ്ഥലമുടമയായ രത്നാകരൻ എം.എൽ.എ. മുഖാന്തിരം 08.10.2024-ന് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## ചവറ മണ്ഡലത്തിലെ വൈദ്യുതിലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

2659 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ദേശീയപാത നിർമ്മാണത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെ ഭാഗത്തെ വീഴ്ച മൂലമാണ് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

## ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കാൻ നടപടി

2660 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ വരുന്ന ഞാറയ്ക്കൽ, വൈപ്പിൻ, ചേരാനല്ലൂർ, ചെറായി സെക്ഷനുകളിൽ നിന്നും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എത്ര ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പ്രൊപ്പോസലുകളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ

2661 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് കുറ്റ്യാടി മണ്ഡലത്തിൽ നിലവിലുള്ള ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾക്ക് പുറമേ അധികമായി ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചെറുകിട വൈദ്യുത പദ്ധതികൾ

2662 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രതിസന്ധി മറികടക്കുവാൻ എത്ര ചെറുകിട ജല വൈദ്യുത പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ പുതിയതായി ആരംഭിച്ച ചെറുകിട വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പീരുമേട് മണ്ഡലത്തിൽ ലാഡ്രം ചെറുകിട വൈദ്യുത പദ്ധതി പ്രാവർത്തികമാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ഉപ്പുതറ പഞ്ചായത്തിൽ പെരിയാർ നദിയിൽ പൊരികണ്ണിക്ക് സമീപം ഒരു തടയണ പണിയുവാൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

## ഉഡുപ്പി – കരിന്തളം 400 കെ.വി. ലൈൻ

2663 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നഷ്ടപരിഹാര തുക എങ്ങനെയാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം പൂർണ്ണമായി നൽകി പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം

2664 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇൻഡക്ഷൻ ബെയ്സ്ഡ് വയർലെസ് ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.യുടെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

## സോളാർ പ്ലാന്റുകൾക്ക് പ്രോത്സാഹനം

2665 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് സോളാർ അടക്കമുള്ള വൈദ്യുതി ഉത്പാദന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

**ഊർജ്ജമിത്ര കേന്ദ്രങ്ങൾ**

2666 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖേന ആരംഭിച്ച അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങളായ ഊർജ്ജ മിത്രയിലെ സംരംഭകർക്ക് നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കാമോ; ഊർജ്ജ മിത്രയുടെ പ്രവർത്തനങ്ങൾക്ക് അനെർട്ട് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ കേന്ദ്രങ്ങളുമായി ഒപ്പിട്ട കരാറിന്റെ കാലാവധി എത്ര വർഷമാണ്, നിലവിൽ എത്ര ഊർജ്ജ മിത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്, അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ; ഈ കേന്ദ്രങ്ങളുമായി നിലവിൽ അനെർട്ട് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പി.എം സൂര്യ ഘർ (PM - SURYA GHAR ) സോളാർ സബ്സിഡി പദ്ധതിയിലെ എംപാനൽ ഏജൻസികളുടെ ലിസ്റ്റിൽ ഊർജ്ജമിത്ര കേന്ദ്രങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ; ഇവർക്ക് അനെർട്ടിന്റെ ലോഗോ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സോളാർ സിറ്റിയുടെ ഭാഗമായി സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ പരിശോധിക്കുന്നതിനുള്ള ചുമതല ഊർജ്ജമിത്ര കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**പി. എം കുസും പദ്ധതി**

2667 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം കുസും പദ്ധതി പ്രകാരം അനെർട്ടിന് കേന്ദ്ര സർക്കാരിൽ നിന്ന് നാളിതുവരെ എത്ര തുക ലഭിച്ചു; സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; നബാർഡിൽ നിന്ന് എത്ര തുക വായ്പയായി ലഭിച്ചു; വായ്പ തിരിച്ചടക്കുന്നതിനുള്ള നിബന്ധന, കാലാവധി, പലിശ, വായ്പ തിരിച്ചടയ്ക്കുന്നതിന് അനെർട്ട് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളിൽ നിന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്ന വൈദ്യുതിയുടെ തുക നബാർഡിലെ വായ്പ തിരിച്ചടക്കുന്നതിന് അനെർട്ട് വിനിയോഗിക്കുന്നുണ്ടോ; വൈദ്യുതിയുടെ തുക സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും തമ്മിൽ കരാർ ഉണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; വൈദ്യുതി ചാർജ് ഇനത്തിൽ എത്ര തുക അനെർട്ടിന് നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്ന് ലഭിച്ചു എന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ എം.എൻ.ആർ.ഇ നിശ്ചയിച്ച ബെഞ്ച് മാർക്ക് വിലയേക്കാൾ എത്ര ശതമാനം അധിക നിരക്കിലാണ് അനെർട്ട് വിവിധ ശേഷികളിലുള്ള സൗരോർജ്ജ പ്ലാന്റുകൾക്ക് വർക്ക് ഓർഡർ നൽകിയത്;

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടറിൽ യോഗ്യത നേടിയ കമ്പനികളുടെ പേര്, ടെണ്ടറിൽ രേഖപ്പെടുത്തിയ തുക, അനെർട്ട് വർക്ക് ഓർഡർ നൽകിയ തുക എന്നിവ വിവിധ ശേഷിയുടെ അടിസ്ഥാനത്തിൽ പട്ടികയായി ലഭ്യമാക്കാമോ?

## വന്യ മൃഗങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിന് സോളാർ വേലികൾ

2668 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണം തടയുന്നതിന് വനമേഖലയോട് ചേർന്നുവരുന്ന ജനവാസമേഖലയിൽ സോളാർ പവർ വേലികൾ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ സഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ജനറേഷൻ ഡ്യൂട്ടി ഇനത്തിൽ പിരിച്ച തുക ഉപഭോക്താക്കൾക്ക് തിരികെ നൽകാനുള്ള നടപടി

2669 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.10.2024 ലെ നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നമ്പർ 2540(ഡി) പ്രകാരം 2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ സൗരോർജം വഴി വൈദ്യുതി ഉത്പാദിപ്പിച്ച ഉപഭോക്താക്കളിൽ നിന്നും ജനറേഷൻ ഡ്യൂട്ടി ഇനത്തിൽ പിരിച്ച തുക ഉപഭോക്താക്കൾക്ക് തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നത് പ്രകാരം എത്ര തുക ആണ് തിരികെ ഉപഭോക്താക്കൾക്ക് നൽകേണ്ടിയിരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക തിരികെ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാതിരിക്കുന്നത്; തുക തിരികെ നൽകുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുക ഉപഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ലെങ്കിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി മേൽ തുക പലിശ സഹിതം ഉപഭോക്താക്കൾക്ക് എത്ര ദിവസത്തിനകം കൊടുത്തു തീർക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## സ്മാർട്ട് സിറ്റിയുടെ ഭാഗമായി സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ

2670 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ എത്ര സർക്കാർ കെട്ടിടങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു; ഓരോ സ്ഥാപനത്തിലും ടെൻഡർ ലഭിച്ച കമ്പനികൾക്ക് വർക്ക് ഓർഡർ നൽകിയ

തീയതി, കരാർ ഒപ്പിട്ട തീയതി, കമ്പനികൾ നൽകിയ ബാങ്ക് ഗ്യാരന്റിയുടെ തീയതി, പ്ലാന്റുകൾ കമ്മീഷൻ ചെയ്ത തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച കമ്പനികൾക്ക് തുക അനുവദിക്കുന്നതിന് സ്മാർട്ട് സിറ്റി അധികൃതർക്ക് അനെർട്ട് നൽകിയ ടെക്നിക്കൽ ശിപാർശയുടെയും പേയ്മെന്റ് ശിപാർശയുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ പരിശോധിക്കുന്നതിന് അനെർട്ട് റിന്യൂവബിൾ എനർജി കൺസോർഷ്യത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അവർക്ക് പ്രതിഫലമായി എത്ര രൂപ നൽകി; തുക അനുവദിച്ച ഉത്തരവുകളുടെ പകർപ്പും പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ റിന്യൂവബിൾ എനർജി കൺസോർഷ്യം മുഖേന ഏതെല്ലാം പ്രവൃത്തികൾ നിർവഹിച്ചു; ഓരോ ഇനത്തിലും ഇവർക്ക് നൽകിയ തുകയും, തുക അനുവദിച്ച ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ; റിന്യൂവബിൾ എനർജി കൺസോർഷ്യത്തെ പ്രസ്തുത ചുമതലകൾക്കായി തെരെഞ്ഞെടുത്ത മാനദണ്ഡം, പ്രസ്തുത മേഖലയിൽ അവർക്കുള്ള മുൻപരിചയം, പ്രസ്തുത ഏജൻസികൾ അനെർട്ടിന് നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

## <u>അനെർട്ട് തിരഞ്ഞെടുത്ത ഏജൻസികൾ</u>

2671 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ കേന്ദ്ര കാര്യാലയം, ജില്ലാ ഓഫീസുകൾ എന്നിവ മുഖേന ഏതെല്ലാം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ചുമതലയാണ് റിന്യൂവബിൾ എനർജി കെയർ, റിന്യൂവബിൾ എനർജി കൺസോർഷ്യം എന്നീ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്; ഇതിനായി ഓരോ ഇനത്തിലും ഇവർക്ക് വിവിധ ഓഫീസുകൾ മുഖേന നൽകിയ വർക്ക് ഓർഡർ പകർപ്പുകൾ, നൽകിയ തുക, തുക അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ബി) ഈ ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനായി അനെർട്ട് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു; ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പും, ഈ ഏജൻസികളിലെ അംഗങ്ങളുടെയും ഭാരവാഹികളുടെയും ലിസ്റ്റും, അനെർട്ടിന് നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പും ലഭ്യമാക്കാമോ;

(സി) ഈ ഏജൻസികളിൽ, സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന എം.എൻ.ആർ.ഇ, അനെർട്ട് എന്നിവരുടെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളുമായി ബന്ധപ്പെട്ടവർ ഉണ്ടോ എന്ന പരിശോധന അനെർട്ട് നടത്തിയിട്ടുണ്ടോ; അനെർട്ടിന്റെ ഇൻസ്റ്റാളർ, ഇൻസ്പെക്ടർ, റിസോഴ്സ് പേഴ്സൺ സർട്ടിഫിക്കറ്റുകൾ ലഭിച്ചവർ, ഊർജ്ജ മിത്ര സംരംഭകർ എന്നിവർ ഈ ഏജൻസികളിൽ ഉൾപ്പെടുന്നുണ്ടോ; അവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

## <u>സഹകരണ മേഖല സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>

2672 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിലപാട് മൂലം കേരളത്തിലെ സഹകരണ ബാങ്കുകൾ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലത്ത് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ചേർന്ന് സഹകരണരംഗത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബാങ്കുകളുടെ ബിസിനസ് ഏജന്റ് (ബാങ്കിങ് കറസ്പോണ്ടന്റ്) ആകുവാൻ വില്ലേജ് തലത്തിൽ വായ്പേതര സഹകരണ സംഘങ്ങൾക്കും ബാങ്കിങ് പ്രവർത്തനത്തിനുള്ള അനുമതി നൽകുമെന്ന കേന്ദ്ര നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സേവനങ്ങൾ പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളിലൂടെ ലഭ്യമാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ സഹകരണരംഗത്തിന് നൽകിവരുന്ന എല്ലാ പിന്തുണയും പിൻവലിക്കുമെന്നും പാർട്ടി അനുഭാവികളുടെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ പിൻവലിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുമെന്നുമുള്ള പ്രതിപക്ഷ രാഷ്ട്രീയ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ</u>

2673 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ ബോർഡിലൂടെ നിലവിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് മാസത്തിൽ ചെലവഴിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ ബോർഡിലെ നിക്ഷേപ തുക എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>കാർഷിക വായ്പയായി അനുവദിക്കുന്ന പദ്ധതി തുകയുടെ നിരക്ക്</u>

2674 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർക്കുള്ള ഹ്രസ്വകാല, ദീർഘകാല വായ്പകൾക്ക് പദ്ധതി തുകയുടെ എത്ര ശതമാനമാണ് അനുവദിക്കുന്നതെന്നും വായ്പയായി എത്ര രൂപ വരെ അനുവദിക്കുമെന്നും വ്യക്തമാക്കുമോ?

## റിസ്ക് ഫണ്ട് ആനുകൂല്യത്തിനുള്ള അപേക്ഷകൾ

2675 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) ആനുകൂല്യം ലഭിക്കാത്ത അപേക്ഷകരുടെ വിശദ വിവരങ്ങളും ആയതിന്റെ കാരണവും ബാങ്ക് തിരിച്ച് വിശദമാക്കുമോ?

## വീട് ഉൾപ്പെടുന്ന ഭൂമി പണയപ്പെടുത്തി അനുവദിക്കുന്ന വായ്പ

2676 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽനിന്ന് വീട് ഉൾപ്പെടുന്ന ഭൂമി പണയപ്പെടുത്തി ലോൺ കൊടുക്കുന്നതിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ വകുപ്പ് എന്തെങ്കിലും നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## സഹകരണ വകുപ്പിലെ വിജിലൻസ് സംവിധാനം

2677 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം നടപ്പിലാക്കിയതെന്നാണെന്നും എന്തെല്ലാമായിരുന്നു ലക്ഷ്യങ്ങളെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സഹകരണ വിജിലൻസ് സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര കേസുകൾ കണ്ടുപിടിച്ചു ;വിശദാംശം ലഭ്യമാക്കുമോ?

## സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

2678 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കുമോ?

## സ്വകാര്യ കൃഷിക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന ഹ്രസ്വകാല വായ്പ

2679 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി, പച്ചക്കറികൃഷി, ജൈവകൃഷി തുടങ്ങിയ സ്വകാര്യ കൃഷികൾക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന ഹ്രസ്വകാല വായ്പകൾ അനുവദിക്കാനും ഈ മേഖലയിൽ സർക്കാർ പലിശ സബ്സിഡി അനുവദിക്കാനും നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

## നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി

2680 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ എത്ര വായ്പക്കാരുടെ വായ്പ കുടിശ്ശിക ഒറ്റ തവണയായി തീർപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; വായ്പക്കാരുടെ പേരടക്കമുള്ള വിശദവിവരം ലഭ്യമാക്കുമോ?

## സഹകരണ നിയമപ്രകാരം ജപ്തി ഒഴിവാക്കാൻ നടപടി

2681 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമപ്രകാരം ജപ്തി നടപടികൾ നേരിടുന്ന വായ്പാ കാലാവധി കഴിയാത്ത വായ്പകളിൽ, വായ്പ കുടിശ്ശിക തുക മാത്രം അടച്ചു തീർക്കുന്ന പക്ഷം ബാങ്കിന്/സംഘത്തിന് ഉടമയുടെ അപേക്ഷ പരിഗണിച്ചുകൊണ്ട് ജപ്തി നടപടികൾ ഒഴിവാക്കാനോ പിൻവലിക്കാനോ കഴിയുമോ എന്നറിയിക്കാമോ; കഴിയുമെങ്കിൽ ഉടമ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നറിയിക്കാമോ;

(ബി) സഹകരണ നിയമ പ്രകാരം ജപ്തി ചെയ്തിട്ടുള്ള സ്ഥാവരവസ്തുക്കൾ സഹകരണ ബാങ്ക്/സംഘം തന്നെ പരസ്യ ലേലം വഴി കൈവശപ്പെടുത്തിയാൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് ലഭിക്കുമോ; എങ്കിൽ എത്ര ശതമാനമാണ് ഇളവ് ലഭിക്കുക എന്നറിയിക്കാമോ;

(സി) സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്ന് വായ്പ കുടിശ്ശിക വരുത്തി ജപ്തി നടപടികളിലൂടെ പണയ വസ്തുക്കൾ പരസ്യ ലേലം നടത്തിട്ടും വായ്പതുക പൂർണ്ണമായും ഈടാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ബാക്കിനിൽപ്പ് തുക ആരിൽ നിന്നും എങ്ങനെ ഈടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ആയതിന്റെ നടപടികളും വിശദമാക്കാമോ;

(ഡി) സഹകരണ നിയമം അനുസരിച്ച് എക്സിക്യൂഷൻ നടപടികൾ നേരിടുന്ന സ്ഥാവരവസ്തുക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആരിൽ നിന്നും നേടിയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത് എന്നറിയിക്കുമോ?

## ഉത്തേജന പലിശ ഇളവ് പദ്ധതി

2682 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണമായും ഒഴിവാക്കി നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി കേരള ബാങ്ക്

രൂപീകരിച്ചതിനുശേഷം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് മുൻപ് കാർഷിക മേഖലയുടെ വികസനത്തിനും കാർഷിക ഉല്പന്നങ്ങളുടെ വിപണത്തിനും വേണ്ടി സഹകരണ പ്രസ്ഥാനങ്ങൾ ഇടപെട്ടതുപോലെ ഏതെല്ലാം വിധത്തിലുള്ള ഇടപെടലാണ് കേരള ബാങ്ക് നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**<u>സഹകരണ സംഘങ്ങളിലെ പലിശ രഹിത കാർഷിക വായ്പ</u>**

2683 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ പലിശ രഹിത കാർഷിക വായ്പ നിലവിലുണ്ടോ; കാർഷിക വായ്പക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കാർഷിക വായ്പ തുകയുടെ സബ്സിഡിയിനത്തിൽ നാല് ശതമാനം സർക്കാരും മൂന്ന് ശതമാനം നബാർഡും കർഷകർക്ക് നൽകുന്ന തുകയിൽ സർക്കാർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കുടിശ്ശികയിനത്തിൽ എന്ത് തുക നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള പ്രസ്തുത കുടിശ്ശികയുടെ ലിസ്റ്റ് പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

**<u>സഹകരണ സർവകലാശാല</u>**

2684 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സർവകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പാറശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിക്മ ആർ. പരമേശ്വരപിള്ള മെമ്മോറിയൽ ക്യാമ്പസിൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>സഹകരണ സ്ഥാപനങ്ങൾ</u>**

2685 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കാമോ?

**<u>സഹകരണ സംഘം നിയമനങ്ങളിലെ മുസ്ലിം സാമുദായിക സംവരണം</u>**

2686 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം രജിസ്ട്രാറുടെ 2025 ജനുവരി 8-ലെ 02/2025 നമ്പർ സർക്കുലറിലൂടെ മുസ്ലിം സാമുദായിക സംവരണ ക്വാട്ടയിൽ രണ്ട് തസ്തികകൾ

നഷ്ടമാകുന്ന തരത്തിൽ ഉത്തരവ് ഇറക്കിയതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ അപ്പെക്സ് സംഘങ്ങളിൽ പി.എസ്.സി. മുഖേന നടക്കുന്ന നിയമനങ്ങളിൽ 6, 56 ക്രമ നമ്പറുകൾ മുസ്ലിം സാമുദായിക സംവരണത്തിൽപ്പെടുന്ന ടേണുകളായതിനാൽ പ്രസ്തുത സമുദായത്തിനായി നീക്കി വെച്ച രണ്ടു തസ്തികകൾ നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാല് ശതമാനം ഭിന്നശേഷി സംവരണം ഉറപ്പുവരുത്തുമ്പോൾ മുസ്ലിം സമുദായിക സംവരണം നഷ്ടമാവാത്ത വിധത്തിൽ സർക്കുലർ ഭേദഗതി ചെയ്യുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

## സഹകരണ സംഘങ്ങൾ വഴിയുള്ള കാർഷിക വായ്പകൾ

2687 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾ നൽകിവരുന്ന കാർഷിക വായ്പയുടെയും കാർഷികാനുബന്ധ വായ്പകളുടെയും ശതമാന നിരക്ക് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഏറ്റവും കൂടുതൽ കാർഷിക വായ്പകൾ അനുവദിച്ചുവരുന്ന സഹകരണ സംഘങ്ങൾ ഏതൊക്കെയെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

## സഹകരണ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം

2688 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സഹകരണ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കുമോ?

## സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം

2689 **ശ്രീ എം നൗഷാദ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കേന്ദ്ര സർക്കാർ നടത്തുന്ന പല ഇടപെടലുകളും സംസ്ഥാന താല്പര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സഹകരണ രംഗത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനും ഈ രംഗത്ത് വിരളമായെങ്കിലും കണ്ടുവരുന്ന ക്രമക്കേടുകൾ തടയുന്നതിനും സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സഹകരണ സംഘങ്ങളിൽ യഥാസമയം പരിശോധന നടത്തുന്നതിനും ആഡിറ്റ് നടത്തുന്നതിനും മൊബൈൽ ആപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ക്രമക്കേടുകൾ തടഞ്ഞ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ഹൗസിംഗ് സഹകരണ സംഘത്തിൽ കുടിശ്ശിക നിവാരണ പദ്ധതി**

2690 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ ഹൗസ് ഫെഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണ സംഘത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സംഘത്തിലും ഇത്തരം കുടിശ്ശിക നിവാരണ പദ്ധതി നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലെ നിയമനം**

2691 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയാണ്; പ്രസ്തുത തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരാണ് ജോലി ചെയ്യുന്നത്; എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) 31.05.2028 വരെ ഒരോ വർഷവും പ്രസ്തുത തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ;

(സി) ജില്ലാ സഹകരണ ബാങ്ക് ലയിപ്പിച്ച് കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് കേരള ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമിക്കുന്നതിന് മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ എത്രയെണ്ണെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. വിജ്ഞാപന കാറ്റഗറി നം.63/2024 പ്രകാരമുള്ള പ്രസ്തുത തസ്തികയുടെ മെയിൻ ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുവാനാണ് പി.എസ്.സി. തീരുമാനിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

**കളക്ഷൻ ജീവനക്കാരുടെ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

2692 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് നിലവിൽ വന്നതിനെ തുടർന്ന് ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ കേഡർ ഇന്റഗ്രേഷൻ നടത്തിയിട്ടും 10 വർഷം മുതൽ 40 വർഷം വരെ സേവന ദൈർഘ്യമുള്ള കളക്ഷൻ

ഏജന്റുമാരുടെ വിഷയം പരിഹരിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് സമാനമായ ഫീൽഡ് അസിസ്റ്റൻറ് തസ്തികയിൽ അടിസ്ഥാന ശമ്പളത്തോടുകൂടി നിയമിക്കാനുള്ള ബാങ്ക് ഭരണസമിതിയുടെ തീരുമാനത്തിനും പ്രൊപ്പോസലിനും സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടും പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികകളിലെ നിയമനം</u>

2693 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയാണ്; പ്രസ്തുത തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരാണ് ജോലി ചെയ്യുന്നത്; എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;വ്യക്തമാക്കാമോ;

(ബി) 31.05.2028 വരെ ഒരോ വർഷവും പ്രസ്തുത തസ്തികയിൽ വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) ജില്ലാ സഹകരണ ബാങ്ക് ലയിപ്പിച്ച് കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് കേരള ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമിക്കുന്നതിന് മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി വിജ്ഞാപന കാറ്റഗറി നം.63/2024 പ്രകാരമുള്ള പ്രസ്തുത തസ്തികയുടെ മെയിൻ ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുവാനാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>കേരള ബാങ്ക് മുഖേന നൽകിയ കാർഷിക വായ്പകൾ</u>

2694 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖലയിൽ കേരള ബാങ്ക് മുഖേന എത്ര പുതിയ വായ്പകളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

## <u>സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്താൻ പദ്ധതികൾ</u>

2695 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് പലിശക്കാരെ ഒഴിവാക്കുന്നതിനായി വയനാട് ഉൾപ്പെടെയുള്ള ജില്ലകളിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തി പൊതുജനങ്ങൾക്ക് ഉദാരമായ തരത്തിൽ

വായ്പകൾ ലഭിക്കാനുള്ള എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

## റിസ്ക് ഫണ്ട് ആനുകൂല്യത്തിനുള്ള അപേക്ഷകൾ

2696 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അവശേഷിക്കുന്ന അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വീട് വയ്ക്കാൻ സഹകരണ ബാങ്ക് വായ്പ

2697 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് വയ്ക്കാൻ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിന് എത്ര സെന്റ് സ്ഥലം വേണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) നഗരങ്ങളിലും നഗര സ്വഭാവമുള്ള പഞ്ചായത്തുകളിലും സ്ഥലം വാങ്ങാൻ ലക്ഷങ്ങൾ ചെലവഴിക്കേണ്ടി വരുന്നവർക്ക് സ്ഥലത്തിന്റെ വിസ്തൃതി കുറവാണെന്ന കാരണം പറഞ്ഞ് സഹകരണ ബാങ്കുകൾ വായ്പ നിഷേധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

## ജപ്തി നടപടികൾക്കായി പോകുന്ന സെയിൽ ഓഫീസർമാർക്ക് പോലീസ് സംരക്ഷണം

2698 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്തി നടപടികൾക്കായി പോകുന്ന സെയിൽ ഓഫീസർമാർക്ക് പോലീസ് സംരക്ഷണം ലഭിക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകൾ അമിതമായി ഫീസ് അടയ്ക്കേണ്ടി വരുന്നതും ആയത് പിന്നീട് വായ്പക്കാരിൽ നിന്നും ഈടാക്കേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വായ്പക്കാരുടെ അമിതഭാരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ സെയിൽ ഓഫീസർമാർക്ക് പോലീസ് സംരക്ഷണം ലഭിക്കുന്നതിന് ഫീസ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## റിസ്ക് ഫണ്ടിന്റെ ആനുകൂല്യം ലഭിക്കാൻ നടപടി

2699 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ, പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാപ്കോസിന്റെ പ്രവർത്തനങ്ങൾ

2700 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം പ്രധാന പ്രവർത്തനമായി രൂപീകരിച്ച സഹകരണ സംഘമായ കാപ്കോസ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കാപ്കോസ് എത്ര ആധുനിക റൈസ് മില്ലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## കൺകറന്റ് ഓഡിറ്റർമാരുടെ പോസ്റ്റുകൾ നിർത്തലാക്കിയ നടപടി

2701 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളെ ഏകീകൃത സോഫ്റ്റ് വെയറിന്റെ കീഴിൽ കൊണ്ടുവരുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഓഡിറ്റ് പൂർത്തീകരിക്കാത്ത എത്ര സഹകരണ സംഘങ്ങളുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ;

(സി) സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് നടപ്പിലാക്കിയതിന് ശേഷം കൺകറന്റ് ഓഡിറ്റർമാരുടെ എത്ര പോസ്റ്റുകൾ വകുപ്പിൽ ഇല്ലാതായെന്നും പ്രസ്തുത ഓഡിറ്റർമാർക്ക് എവിടെ നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) സഹകരണ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കോസ്റ്റ് നിർത്തലാക്കി സഹകരണ സംഘങ്ങളിൽ നിന്നും ഓഡിറ്റ് ഫീസ് സർക്കാരിലേക്ക് അടയ്ക്കുന്ന രീതി നടപ്പിലാക്കുമെന്നുള്ള തീരുമാനം സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഇ) സഹകരണ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പഴയ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

## റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് റബ്കോ നൽകുവാനുള്ള കുടിശ്ശിക

2702 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ ഷീറ്റ് വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് റബ്കോ കൊടുക്കാനുള്ള കുടിശ്ശിക തുക എത്രയെന്ന്

വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യത്തിനായി സർക്കാർ റബ്കോയ്ക്ക് തുക നൽകിയിട്ടുണ്ടോ;

(ബി) ലഭ്യമായ തുക മുഴുവൻ റബ്ബർ ഷീറ്റ് നൽകിയ കർഷകർക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുതയിനത്തിൽ മീനച്ചൽ റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സഹകരണ സംഘം-K 118 റബ്ബർ ഉല്പാദക സംഘങ്ങൾക്ക് എത്ര തുക നൽകാനുണ്ടെന്ന് അറിയിക്കുമോ;

(ഡി) റബ്ബർ കർഷകർക്ക് കുടിശ്ശിക തുക യഥാസമയം ലഭിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കുമോ?

## മഞ്ചേശ്വരം താലൂക്കിൽ പുതിയ സഹകരണ സംഘങ്ങൾ

2703 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നിർദ്ദിഷ്ട സംഘങ്ങളുടെ പേരുൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ?

## റിസ്ക് ഫണ്ടിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ

2704 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ റിസ്ക് ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ സഹായം അനുവദിച്ചുകിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) വായ്പക്കാരിൽനിന്നും ഈടാക്കിയ റിസ്ക് ഫണ്ട് വിഹിത തുകയുടെ ജി.എസ്.ടി. വിവിധ ബാങ്ക് ശാഖകൾ കൃത്യമായി അടയ്ക്കാത്തതുമൂലം ധനസഹായം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള ബാങ്ക് പുതുക്കാട് ശാഖയിൽനിന്നും വായ്പയെടുത്ത സദാനന്ദൻ കെ.ആർ. (വായ്പ നമ്പർ 80009899625)-ന്റെ ചികിത്സാധനസഹായ അപേക്ഷ വർഷങ്ങൾ പിന്നിട്ടിട്ടും പരിഗണിച്ച് ധനസഹായം അനുവദിക്കാത്തത് പരിശോധിക്കുന്നതിനും അടിയന്തരമായി അർഹമായ ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വഴിയുള്ള നിയമനം

2705 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് സഹകരണ സംഘങ്ങളിൽ നിയമനം ലഭിച്ചു; വിശദമാക്കുമോ?

**സഹകരണ മേഖലയുടെ വിശ്വാസ്യത സംരക്ഷിക്കാൻ നടപടി**

2706 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണ സംഘങ്ങൾ പൂട്ടുന്നത് സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്തം സർക്കാരിനാണെന്ന് ബഹു. ഹൈക്കോടതി വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയുടെ വിശ്വാസ്യതയും നിക്ഷേപകരുടെ താല്പര്യങ്ങളും സംരക്ഷിക്കുന്ന രീതിയിൽ തുടർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ**

2707 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

**വിഴിഞ്ഞം റെയിൽ-റോഡ് കണക്റ്റിവിറ്റി പ്രോജക്ട്**

2708 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽ-റോഡ് കണക്റ്റിവിറ്റി പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ട് പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള മുതൽമുടക്കിന് ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**വള്ളങ്ങളിലെയും ഹൗസ് ബോട്ടുകളിലെയും മാലിന്യ സംസ്കരണം**

2709 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിക്കാര വള്ളങ്ങൾക്കും ഹൗസ് ബോട്ടുകൾക്കും മാലിന്യ സംസ്കരണം സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് നിരന്തര പരിശോധനകൾ നടത്താറുണ്ടോ; വിശദമാക്കുമോ;

(സി) ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത ഹൗസ് ബോട്ടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

**തീരദേശ റോഡ് നവീകരണം**

2710 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ തീരദേശ റോഡ് നവീകരണത്തിനായി അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾ മാരിടൈം ബോർഡിന്റെ അനുമതിക്കായി പരിഗണനയിലുണ്ട്;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇവയുടെ അംഗീകാരം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>മാരിടൈം ബോർഡ്</u>

2711 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിനോട് അനുബന്ധിച്ച് മാരിടൈം ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പ്രത്യേകമായി എഞ്ചിനീയറിങ് വിഭാഗം നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

## <u>ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനായി മാരിടൈം ബോർഡിന്റെ പദ്ധതികൾ</u>

2712 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടെ ചരക്കുകപ്പലുകൾ കൂടുതലായി എത്തുന്ന സാഹചര്യം കണക്കിലെടുത്ത് കടൽവഴി ചരക്കുനീക്കം സാധ്യമാക്കുന്നതിനായി മാരിടൈം ബോർഡിന് കീഴിലെ മറ്റ് നോൺ മേജർ തുറമുഖങ്ങളിലേയ്ക്ക് ചരക്ക് ഗതാഗതം വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് മാരിടൈം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന് കൂടുതൽ വരുമാനം നേടുന്നതിനും സഹായിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഇടത്തരം തുറമുഖങ്ങളുടെ വികസനം സാധ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടോ; മാരിടൈം ബോർഡ് ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

## <u>എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി</u>

2713 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## സത്രം ഇടത്താവളത്തിന്റെ വികസനം

2714 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഇടത്താവളമായ സത്രത്തിന്റെ സമഗ്ര വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷത്തെ ശബരിമല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് എത്ര അയ്യപ്പ ഭക്തരാണ് സത്രം- പുല്ലുമേട് വഴി ശബരിമലയിലേക്ക് എത്തിയതെന്നും അവർക്കുവേണ്ടി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്നും വിശദമാക്കാമോ;

(സി) സത്രത്തിലെ പാർക്കിംഗ് ഗ്രൗണ്ടിന്റെയും ശുചിമുറികളുടെയും സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഭക്തന്മാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ വള്ളക്കടവ് -കോഴിക്കാനം- പുല്ലുമേട് വഴി ശബരിമലയിലേക്കുള്ള പാത ഭക്തർക്ക് തുറന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പാത തുറന്നുകൊടുക്കുന്നതിന് വനം വകുപ്പിൽ നിന്നും എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ?

## ആലന്തറ ശ്രീധർമ്മശാസ്താ ക്ഷേത്രം ശബരിമല ഇടത്താവളമാക്കാൻ നടപടി

2715 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് ആലന്തറ ശ്രീധർമ്മശാസ്താ ക്ഷേത്രം ശബരിമല ഇടത്താവള കേന്ദ്രമായി മാറ്റിയിട്ടുണ്ടോ; വിശദമാക്കുമോ:;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളുടെ കാലാവധി

2716 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിലവിലെ അംഗങ്ങളുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; പ്രസ്തുത അംഗങ്ങളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുവരെയാണ് ദീർഘിപ്പിക്കുന്നത്; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതെങ്കിലും ദേവസ്വം ബോർഡ് അംഗങ്ങളുടെ കാലാവധി വെട്ടിച്ചുരുക്കിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡ് അംഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ഗുരുവായൂർ ദേവസ്വം ആശുപത്രി വികസനം

2717 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## മലബാർ ദേവസ്വം നിയമം

2718 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട സമഗ്ര മലബാർ ദേവസ്വം നിയമം നടപ്പിലാക്കാനുള്ള തീരുമാനം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ

2719 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എത്ര ക്ഷേത്രങ്ങളുണ്ടെന്നും എത്ര സ്ഥിരം ജീവനക്കാർ ഓരോ ക്ഷേത്രത്തിലും ജോലി ചെയ്യുന്നുണ്ടെന്നുമുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

## മലബാർ ദേവസ്വം ജീവനക്കാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

2720 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതികൾ ക്ഷേമനിധി ബോർഡിൽനിന്നും അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

## ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വഴി ഗുരുവായൂർ ദേവസ്വത്തിൽ നിയമനം

2721 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമം വരുന്നതിന് മുമ്പ് ഗുരുവായൂർ ദേവസ്വത്തിൽ താൽക്കാലിക നിയമനം നൽകുകയും അതിനുശേഷം സ്ഥിരം

നിയമനം നൽകണമെന്ന് മാനേജിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടും സ്ഥിരം നിയമനം ലഭിക്കാത്തവരുമായ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ എത്ര പേർ സുപ്രീംകോടതിയുടെ 18.07.2024-ലെ ഉത്തരവിന്റെ (സിവിൽ അപ്പീൽ നമ്പർ.4670/2023) അടിസ്ഥാനത്തിൽ നിലവിൽ ദേവസ്വത്തിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വഴി നിയമനം നൽകുന്നതിന് ഗുരുവായൂർ ദേവസ്വവും ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡും സർക്കാരും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സുപ്രീംകോടതി നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പ്രസ്തുത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പള്ളയറക്കാവ് ക്ഷേത്രക്കുളത്തിന്റെ നവീകരണം

2722 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എരുവ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ കീഴൂട്ട് ക്ഷേത്രമായ പള്ളയറക്കാവ് ക്ഷേത്രക്കുളത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കുമോ?

## കോട്ടയം തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രം കേന്ദ്രമാക്കി തീർത്ഥാടന ടൂറിസം പദ്ധതി

2723 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കോട്ടയം തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രം കേന്ദ്രമാക്കി തീർത്ഥാടന ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ മുൻകയ്യെടുക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടാത്തതിനാൽ ക്ഷേത്രത്തിലെ ചുമർ ശില്പഭംഗി സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) പഴശ്ശി രാജാവിന്റെ ചരിത്രം പുതിയ തലമുറയെ പരിചയപ്പെടുത്തുന്നതിന് പ്രസ്തുത ക്ഷേത്രവും കോവിലകവും വലിയ ക്ഷേത്രച്ചിറയുമെല്ലാം ബന്ധപ്പെടുത്തി ഒരു പഠന കേന്ദ്രവും മ്യൂസിയവും സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## ലോകനാർകാവ് ഗസ്റ്റ് ഹൗസ്

2724 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർകാവ് ഗസ്റ്റ് ഹൗസിന് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തതിനുശേഷം ഇതുവരെയായി എത്ര ബുക്കിംഗുകൾ നടന്നിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ലോകനാർകാവ് ഗസ്റ്റ് ഹൗസ് ബുക്കിംഗിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
24-02-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].